# വിജയ രഥ്യയിലെ

# വഴിവിളക്കുകൾ

*മുഹമ്മദ് ജുറൈജ് ജീലാനി കാക്കടവ്*

*സത്യമാർഗ്ഗം പബ്ലിക്കേഷൻസ്*
*ശാഹ് ജീലാനി അസോസിയേഷൻ*
*ജീലാനി ശരീഫ്, കിഴക്കേദേശം, ആലുവ, എറണാകുളം*

# Vijaya Radyayile Vazhivilakkukal

**(malayalam)**

**by, Muhammed Juraij Jeelani Kakkadav**

**Published by:**

**Sathyamargam Publicathion**

**Shah Jeelani Association**

**Kizhakkedesham, Aluva**

**Typing&Layout:**

**ShahMuhyideen Jeelani**

**Cover**

**Husain K.M. Kasargode**

**Printing:**

**4prints offset press, manjeri**

**Price:**

**Rs: 50**

**Copy right:**

**Sathyamargam Publicathion**

**Shah Jeelani Association**

**Kizhakkedesham, Aluva**

**Ernakulam,683102**

# ഉള്ളടക്കം


1. ത്വൽഹത്ത്ബ്നു ഉബൈദില്ല(റ)

2. ഇക്‌രിമതുബ്നു അബീജഹ്ൽ(റ)

3. സൽമാനുൽ ഫാരിസി(റ)

4. സുറാഖതുബ്നു മാലിക്(റ)

5. ശൈഖ് രിഫാഈ(റ)

6. സുൽത്താനുൽ ഹിന്ദ്(റ)

7. മമ്പുറം സയ്യിദ് അലവി തങ്ങൾ(റ)

## മുഹമ്മദ് ജുറൈജ് ജീലാനി കാക്കടവ്

പേര്: മുഹമ്മദ് ജുറൈജ് ജീലാനി

പിതാവ്: ശാഹുൽ ഹമീദ്

മാതാവ്: ആയിശ

ജനനം: 1991 ഒക്ടോബർ 15ന് കാസർഗോഡ് ജില്ലയിലെ കാക്കടവ്

പ്രാഥമിക പഠനത്തിന് ശേഷം ഉന്നത പഠനത്തിനായി മഞ്ചേരി അൽ മദീന എജ്യുലാന്റിൽ ചേർന്നു. ഇപ്പോൾ അൽ മദീന എജ്യുലാന്റ് വിദ്യാർത്ഥിയാണ്.

2011 ഒക്ടോബർ 5ന് ഖുതുബുസ്സമാൻ ശൈഖ് യൂസുഫ് സുൽത്താൻ ശാഹ് ഖാദിരി ചിശ്തിയുമായി ഖാദിരിയ്യ ത്വരീഖത്തിൽ ബൈഅത്ത് ചെയ്തു.

# ത്വൽഹതുബ്നു ഉബൈദില്ല(റ)

ത്വൽഹതുബ്നു ഉബൈദില്ല(റ), സത്യദൂതന്റെ സന്തത സഹചാരി. സത്യപ്രകാശത്തിന്റെ സാമിപ്യം കൊണ്ട് സായൂജ്യം നേടിയ സത്യവിശ്വാസി. സ്വർഗ്ഗം കൊണ്ട് സന്തോഷവാർത്ത നൽകപ്പെട്ട സ്വർഗീയ ആത്മാവ്. എഡി 595 ൽ മക്കയിൽ ജനനം. കൗമാരപ്രായത്തിൽ തന്നെ വിശുദ്ധ ഇസ്‌ലാം പുൽകാൻ ഭാഗ്യം സിദ്ധിച്ചു. ചെറുപ്രായത്തിൽ തന്നെ വാണിജ്യമേഖലയിൽ കഴിവ് തെളിയിച്ചിരുന്നു. ഈ പ്രായത്തിൽ തന്നെ കച്ചവട സംഘത്തോടൊപ്പം സഞ്ചരിക്കാറുണ്ടായിരുന്നു മഹാനുഭാവൻ. ഇത്തരമൊരു യാത്രയാണ് മഹാനുഭാവനെ ഇസ്‌ലാമിന്റെ ശാദ്വല തീരത്തേക്ക് നയിച്ചത്.

ശാമിലേക്കുള്ള വർത്തക സംഘത്തോടൊപ്പമായിരുന്നു ഒരു ദിനം ത്വൽഹതുബ്നു ഉബൈദില്ല. ഖുറൈശി വർത്തക സംഘത്തോടൊപ്പം ഇദ്ദേഹവും ശാമിലെ ബുസ്വറ നഗരത്തിലെത്തി. ബുസ്വറ, തിരക്കേറിയ നഗരം. ജനപ്രവാഹം കൊണ്ട് ശബ്ദ

മുഖരിതമായ അന്തരീക്ഷം. എല്ലാവരും കച്ചവടത്തിരക്കിലാണ്. ജനപ്രവാഹത്തോടൊപ്പം ത്വൽഹ(റ)വും ചന്തയിലൂടെ നീങ്ങുക യാണ്. അൽപമകലെ നിന്ന് ഒരു പുരോഹിതൻ എന്തോ വിളിച്ചു പറയുന്നു. ത്വൽഹ(റ) ഒന്ന് കാതോർത്തു. പുരോഹിതൻ പറയു ന്നു. 'ഓ കച്ചവട സംഘമേ... നിങ്ങളിൽ ഹറം നിവാസികളാരെങ്കി ലുമുണ്ടോ? ത്വൽഹ(റ) അദ്ദേഹത്തിനടുത്തേക്ക് ചെന്നു ഹറം നിവാസിയാണ് താനെന്നറിയിച്ചു. അദ്ദേഹം ചോദിച്ചു. നിങ്ങളിൽ അഹ്മദ് എന്നവർ പ്രത്യക്ഷപ്പെട്ടിട്ടുണ്ടോ? ത്വൽഹ(റ) പറഞ്ഞു. അഹ്മദോ, അതാരാ? പുരോഹിതൻ പറഞ്ഞു. അബ്ദുൽ മുത്ത ലിബിന്റെ മകൻ അബ്ദുല്ലയുടെ മകൻ. അദ്ദേഹം പ്രത്യക്ഷപ്പെടു ന്നമാസമാണിത്. അവസാന പ്രവാചകനാണദ്ദേഹം. നിങ്ങളുടെ നാടായ ഹറമിൽ അദ്ദേഹം പ്രത്യക്ഷപ്പെടും. ശേഷം വെള്ളമൊഴു കുന്ന കറുത്ത മണ്ണിന്റെയും ഈന്തപ്പനകളുടെയും നാട്ടിലേക്ക് അദ്ദേഹം പലായനം ചെയ്യും. അതുകൊണ്ട് ഓ... യുവാവേ നിങ്ങൾ പെട്ടെന്ന് തന്നെ അദ്ദേഹത്തിനടുത്ത് ചെല്ലുക.

പുരോഹിതന്റെ വാക്കുകൾ ത്വൽഹ(റ) വിന്റെ മനസ്സിനെ സദാ മഥിച്ചു കൊണ്ടേയിരുന്നു. കച്ചവടക്കാര്യങ്ങളിൽ ശ്രദ്ധ നഷ്ടപ്പെട്ടു. പ്രവാചകനെ കാണാൻ ഹൃദയം വെമ്പൽ കൊള്ളു ന്നു. ത്വൽഹ(റ) നേരെ തന്റെ ഒട്ടകത്തിനടുത്തു ചെന്നു. തന്റെ യാത്രാ സംഘത്തെ ബഹുദൂരം പിന്നിലാക്കി അതിശീഘ്രം മക്ക യിലേക്ക് യാത്രയായി. യാത്രയിൽ മുഴുവൻ പുതിയ പ്രവാചകനെ കുറിച്ചുള്ള ചിന്തകൾ മാത്രം.പുരോഹിതന്റെ വാക്കുകൾ മനസ്സിൽ പ്രതിധ്വനിച്ചു കൊണ്ടിരിക്കുന്നു. എത്രയും വേഗം മക്കയിലെത്തി

ച്ചേരണമെന്ന ചിന്ത മാത്രം. യാത്രയ്ക്ക് വേഗത കൂടുകയാണ് വിശ്രമമില്ലാത്ത യാത്ര....

ത്വൽഹ(റ) മക്കയിലെത്തി. തന്റെ കുടുംബക്കാരുടെ അരികിൽ ചെന്നു. വീട്ടുകാര്യങ്ങൾ തിരക്കുന്നതിന് മുമ്പ് അദ്ദേഹം ചോദിച്ചു. മക്കയിൽ പുതുതായി വല്ലതും സംഭവിച്ചോ? അവർ പറഞ്ഞു: അതെ, അബ്ദുല്ലയുടെ മകൻ മുഹമ്മദ് പ്രവാചകത്വം വാദിച്ചു രംഗത്തു വിന്നിരിക്കുന്നു. അബൂ കുഹാഫയുടെ മകനും -അബൂബക്കർ സിദ്ദീഖ്(റ)- അദ്ദേഹത്തോടൊപ്പം ചേർന്നിരിക്കുന്നു. ഉടനെ ത്വൽഹ(റ) അബൂബക്കറിനെ എനിക്കറിയാം അദ്ദേഹം സമുദായത്തോട് കാരുണ്യമുള്ളവനും മൃദുല സ്വഭാവക്കാരനുമാണ്, സൽസ്വഭാവിയായ കച്ചവടക്കാരനാണ്, ഖുറൈശികളെയും അവരുടെ പിതൃപരമ്പരയും നന്നായി അറിയുന്നവനാണ് എന്ന് പറഞ്ഞ് സിദ്ദീഖ്(റ)ന്റെ അടുക്കൽ ചെന്നു. ത്വൽഹ(റ) ചോദിച്ചു. അബ്ദുല്ലയുടെ മകൻ മുഹമ്മദ് പ്രവാചകത്വ വാദവുമായി രംഗപ്രവേശം ചെയ്തിട്ടുണ്ടെന്നും നിങ്ങൾ അദ്ദേഹത്തോടൊപ്പമാണെന്നും ഞാൻ അറിഞ്ഞു. ഇത് സത്യമാണോ? സിദ്ദീഖ്(റ) അദ്ദേഹത്തിന് സത്യം ബോധ്യപ്പെടുത്തിക്കൊടുത്തു. പ്രവാചകനെ പരിചയപ്പെടുത്തി, വിശുദ്ധ ദീനിന്റെ മഹാത്മ്യം മനസ്സിലാക്കിക്കൊടുത്തു. അപ്പോൾ ത്വൽഹ(റ) തന്റെ കച്ചവടയാത്രയിലുണ്ടായ അനുഭവം വിശദീകരിച്ചു കൊടുത്തു. രണ്ടുപേരും വിശുദ്ധ ഹബീബിന്റെ സന്നിധിയിലേക്ക്. പ്രവാചകൻ പരിശുദ്ധ ഇസ്‌ലാമിനെ പരിചയപ്പെടുത്തി. ഖുർആനിക സൂക്തങ്ങൾ ഓതി ക്കേൾപ്പിച്ചു. അങ്ങനെ തിരുസന്നിധിയിൽ വെച്ച് വിശുദ്ധ ഹബീ

ബിന്റെ കരം ഗ്രഹിച്ച് ത്വൽഹ(റ) സമ്പൂർണ്ണ ദീനിന്റെ ശാദ്വല തീരമണഞ്ഞു.

ഈ ഖുറൈശി യുവാവിന്റെ ഇസ്‌ലാമികാശ്ലേഷണം കുടുംബത്തിലും സമൂഹത്തിലും ശക്തമായ ചലനം സൃഷ്ടിച്ചു. കുടുംബത്തിൽ നിന്നും സമൂഹത്തിൽ നിന്നും ശക്തമായ എതിർപ്പുകൾ നേരിട്ടു. മർദ്ദന മുറകൾക്കും പീഡനങ്ങൾക്കും മുന്നിൽ നിന്നത് സ്വന്തം മാതാവായിരുന്നു (പിന്നീട് ഇസ്‌ലാം സ്വീകരിച്ചു). മതം മാറാനുള്ള സർവ്വ പ്രലോഭനങ്ങളും നൽകി. പക്ഷെ, ത്വൽഹ(റ) അടിയുറച്ച പർവ്വതം പോലെ നിലനിന്നു. പ്രലോഭനങ്ങളിൽ ത്വൽഹ (റ) വീണില്ല. അവർ മർദനമുറകൾ തുടങ്ങി. പീഡനങ്ങളഴിച്ചുവിട്ടു.

മസ്ഊദുബ്നു ഖറാശ്(റ) പറയുന്നു: ഞാൻ സഫാ മർവ യ്ക്കിടയിൽ നടക്കുകയായിരുന്നു. അവിടെ ഞാൻ ഒരു സംഘം ജനങ്ങളെ കണ്ടു. അവർ ഒരു യുവാവിനെ പിന്തുടരുകയാണ്. യുവാവിന്റെ ഇരു കരങ്ങളും പിരടിയുമായി ബന്ധിച്ച് കെട്ടിയിരി ക്കുന്നു. ജനക്കൂട്ടം യുവാവിന്റെ പിന്നാലെ ഓടുന്നു. അദ്ദേഹത്തെ പിന്നിൽ നിന്ന് തൊഴിക്കുന്നു, തലയ്ക്കടിക്കുന്നു. വ്യത്യസ്ത മർദന മുറകൾ പയറ്റുന്നു. ആൾക്കൂട്ടത്തിനു പിന്നിൽ നിന്നും ഒരു വയോധിക അവർക്ക് കൽപന നൽകുകയും യുവാവിനെ ചീത്ത വിളിക്കുകയും ചെയ്യുന്നു. ഞാൻ അവർക്കരികിൽ ചെന്ന് ചോദി ച്ചു: ആരാണീ യുവാവ്? അവർ പറഞ്ഞു: ത്വൽഹതുബ്നു ഉബൈ ദില്ല. നമ്മുടെ മതത്തിൽ നിന്നും വ്യതിചലിച്ച് ബനൂഹാശിമിലെ ഒരു വ്യക്തിയെ അനുധാവനം ചെയ്തിരിക്കുന്നു. ഞാൻ ചോദിച്ചു

നിങ്ങളുടെ പിന്നിലുള്ള വൃദ്ധയാരാണ്? അവർ പറഞ്ഞു: അത് ആ യുവാവിന്റെ മാതാവ് സ്വഅ്ബ് ബിൻതുൽ ഹള്റമിയ്യ്.

ശേഷം നൗഫലുബ്നു ഖുവൈലിദ് (അസദു ഖുറൈശ്) ത്വൽഹ(റ) വിനെയും സിദ്ദീഖ്(റ)വിനെയും ബന്ധനസ്ഥരാക്കി മക്കയിലെ വിഡ്ഢികളെ ഏൽപ്പിച്ചു. അവർ വ്യത്യസ്ത പീഡന മുറകൾ നടത്തി, പല തരം മർദ്ദനങ്ങൾ അഴിച്ചു വിട്ടു. പക്ഷെ എല്ലാം അവർ സഹിച്ചു. ദീനിന്റെ സംസ്ഥാപനത്തിന് വേണ്ടി. മുഹമ്മദ് റസൂലുല്ലയുടെ നിലനിൽപിന് വേണ്ടി. കലിമതുത്ത്വയ്യി ബയുടെ പ്രചരണത്തിനു വേണ്ടി. കാലം കറങ്ങിക്കൊണ്ടിരുന്നു. ഇസ്ലാം ലോകം മുഴുവൻ  വ്യാപിച്ചു കൊണ്ടിരിക്കുന്നു. എല്ലാ യിടത്തും സംസാര വിഷയം ഇസ്ലാമാണ്. പക്ഷെ, ഇസ്ലാമിന്റെ ശത്രുക്കളും വർധിച്ച് കൊണ്ടിരിക്കുന്നു. പീഡനങ്ങൾക്ക് യാതൊരു കുറവുമില്ല, ശത്രുക്കൾ ഇസ്ലാമിനെതിരെ ആഞ്ഞടി ക്കുകയാണ്. ബദ്റിലേറ്റ പരാചയത്തിന് പകരം ചോദിക്കാൻ ശത്രുക്കൾ ഉഹ്ദിൽ അണി നിരന്നിരിക്കുകയാണ്. യുദ്ധം ആരംഭി ക്കുകയാണ്. മുസ്ലീം സൈന്യം ശക്തമായി മുന്നേറി. ശത്രു സൈന്യം ഒരു നിമിഷം പിന്മാറുന്നു. വീണ്ടും ശക്തിയാർജ്ജിച്ച് വരുന്നു. മുസ്ലീംകളെ ആക്രമിക്കുന്നു. മുസ്ലിം സൈന്യം ചിന്നിച്ഛിതറുന്നു. ശത്രുക്കൾ ശക്തമായി തിരിച്ചടിക്കുകയാണ്. മുസ്ലീംസൈന്യം അങ്ങിങ്ങായി ചിതറിക്കിടക്കുയാണ്. പ്രവാ ചക സമീപത്ത് വെറും പതിനൊന്ന് അൻസാറുകളും ത്വൽഹ( റ)വും മാത്രം പ്രവാചകരും കൂടെയുള്ളവരും ഒരു പർവ്വതമുക ളിൽ കയറുകയാണ് ഒരു വിഭാഗം ശത്രുസൈന്യം പ്രവാചകരുടെ

നേർക്ക്. തിരുമേനി(സ) കൂടെയുള്ളവരോട് പറഞ്ഞു. നമുക്കെതിരെ വരുന്ന ഈ ശത്രു സൈന്യത്തെ പ്രതിരോധിക്കുന്നവൻ സ്വർഗലോകത്ത് എന്റെ സുഹൃത്തായിരിക്കും. ഉടനെ ത്വൽഹ(റ) സന്നദ്ധനായി വന്നു. പക്ഷെ പ്രവാചകൻ അനുവദിച്ചില്ല. അൻസാരികളിൽപെട്ട ഒരാൾ സന്നദ്ധനായി. ശത്രുക്കളുമായി യുദ്ധം ചെയ്തു ശഹീദായി. പ്രവാചകർ വീണ്ടും ചോദ്യമാവർത്തിച്ചു. ത്വൽഹ(റ) സന്നദ്ധനായി പക്ഷെ, പ്രവാചകർ വിലങ്ങി. അങ്ങനെ കൂടെയുള്ള പതിനൊന്ന് സ്വഹാബികളും ശഹീദായി ത്വൽഹ(റ) സമ്മതം ചോദിച്ചു. പ്രവാചകർ അനുമതി നൽകി. തൽഹ(റ) ശക്തമായി പോരാടി. ശത്രുസൈന്യത്തെ മുഴുവൻ വക വരുത്തി. പ്രവാചക സന്നിധിയിലെത്തി. പ്രവാചകരുടെ തിരു വദനത്തിലൂടെ രക്തമൊലിക്കുന്നു. പരിശുദ്ധ നെറ്റിത്തടത്തിലും അധരത്തിലും മുറിവുണ്ടായിരിക്കുന്നു. മുൻപല്ല് പൊട്ടിയിരിക്കുന്നു. തിരുമേനി ക്ഷീണിച്ചിരിക്കുന്നു. ത്വൽഹ(റ) പ്രവാചകരെയും വഹിച്ച് അൽപം മുകളിൽ കയറി, തിരുമേനിയെ അവിടെയിരുത്തി വീണ്ടും ശത്രുക്കളുമായി ഏറ്റുമുട്ടുന്നു.

അബൂബക്കർ സിദ്ദീഖ്(റ) പറയുന്നു: ഉഹ്ദ് ദിനത്തിൽ ഞാനും അബൂ ഉബൈദയും പ്രവാചകരിൽ നിന്നും വിദൂരത്തായിരുന്നു. തിരുമേനിയെ സഹായിക്കാനായി ഞങ്ങളടുത്ത് ചെന്നു. പ്രവാചകൻ ഞങ്ങളെ ത്വൽഹ(റ)വിന്റെ സമീപത്തേക്ക് പറഞ്ഞയച്ചു. അവിടെ ത്വൽഹ(റ) എഴുപതിലധികം വെട്ടേറ്റ് രക്തം വാർന്നു നിൽക്കുന്നു. ഒരു കരം നഷ്ടപ്പെട്ടിരിക്കുന്നു.

ഉഹ്ദ്, അത് ത്വൽഹ(റ)വിന്റെ ദിനമായിരുന്നു. സർവ്വപ്രതി സന്ധികളും സഹിച്ച് ദീനിന് വേണ്ടി പോരാടി. മുഹമ്മദുറസൂലു ള്ളയ്ക്ക് വേണ്ടി പടപൊരുതി. പ്രവാചകർക്ക് വേണ്ടി സർവ്വം സമർപ്പിച്ചു. അവർക്ക് മുഹമ്മദുറസൂലുല്ലയായിരുന്നു എല്ലാം. അതിലൂടെ അവർ വിജയം വരിച്ചു. തിരു റസൂലിന്റെ സഹവാസം അവരെ അത്യുന്നതരാക്കി. വിശുദ്ധ കലിമയുടെ കൈമാറ്റം അവരെ പരിപൂർണ്ണരാക്കി. സർവ്വവും ഇസ്‌ലാമിന് സമർപ്പിക്കാൻ അവരെ പ്രാപ്തരാക്കി. പ്രവാചകർ അദ്ദേഹത്തെ 'ജീവിച്ചിരി ക്കുന്ന രക്തസാക്ഷി'എന്ന് അഭിസംബോധനം ചെയ്തു. എല്ലാം പ്രവാചകർ അദ്ദേഹത്തിന് കൈമാറിയ വിശുദ്ധ കലിമയുടെ പ്രതിഫലനമായിരുന്നു. പ്രവാചക സഹവാസത്തിന്റെ അനന്തര ഫലം. അതിലൂടെ അത്യുന്നത സ്ഥാനം കരഗതമാക്കി. ഇലാഹി പ്രീതിക്കുമുന്നിൽ സമ്പത്തിനോ സന്താനങ്ങൾക്കോ വില കൽപ്പി ച്ചില്ല. രക്തത്തിനോ, രക്തബന്ധത്തിനോ പ്രാധാന്യം നൽകിയില്ല. സർവ്വതും സർവ്വാധിപന് സമർപ്പിച്ചു.

ത്വൽഹ(റ) കച്ചവട മേഖലയിൽ അതിനിപുണനായിരു ന്നു. വാണിജ്യ തന്ത്രങ്ങൾ നന്നായറിയുന്നയാൾ. ഇടപാടുകളിൽ സത്യസന്ധൻ. അത്യുദാരൻ, ഒരു കച്ചവടക്കാരനിൽ സംഗമി ക്കേണ്ട സർവ്വ യോഗ്യതകളും സമ്മേളിച്ച വ്യക്തിത്വം. കച്ചവടം തകൃതിയായിമുന്നോട്ടു പോകുന്നു. ഒരു ദിനം ഏഴു ലക്ഷം ദിർഹം അദ്ദേഹത്തിന് ലഭിച്ചു. ഹളർമൗത്തിൽ നിന്നുള്ള കച്ചവട ലാഭമായിരുന്നു അത്. ത്വൽഹ(റ)വിന് മന:സമാധാനം ലഭിച്ചില്ല. സ്വഗൃഹത്തിൽ സമ്പാദ്യം സ്വരൂപിച്ച് സുഖനിദ്ര കൊള്ളുന്നത്

സർവ്വ ശക്തൻ തൃപ്തിപ്പെടുമോ എന്ന ഭയമാണ് മനസ്സ് നിറയെ. അസ്വസ്ഥ നിറഞ്ഞ രാത്രി വിഷമം മനസ്സിലാക്കിയ ഭാര്യ സമാധാനിപ്പിച്ചു. ഈ ഇരുണ്ട രാവിൽ അവകാശികളെ കണ്ടെത്തൽ അസാധ്യമാണ്. പ്രഭാതം വരെ കാത്തിരിക്കൂ. ത്വൽഹ(റ) ഭാര്യയുടെ സമാധാനത്തിൽ പ്രഭാതംവരെ കാത്തിരുന്നു. ത്വൽഹ(റ) ഒരു വലിയ പാത്രമെടുത്തു സമ്പാദ്യം അതിൽ ഒരുമിച്ച് കൂട്ടി. ദരിദ്രവിഭാഗങ്ങൾക്ക് സ്വദഖ ചെയ്തു.

ഇസ്‌ലാമിനു വേണ്ടി സർവ്വം സമർപ്പിച്ച ത്വൽഹ(റ) ജമൽ യുദ്ധം വരെ വിശുദ്ധ ദീനിന് സേവനമനുഷ്ടിച്ചു. ഇറാഖിലെ ബസ്വറയിൽ എഡി. 656 നവംബർ 7 (ഹി.36) നടന്ന ജമൽ യുദ്ധത്തിൽ ഇഹലോകവാസം വെടിഞ്ഞു.

# ഇക്രിമതുബ്നു അബീ ജഹ്ൽ(റ)

ഇക്രിമ മക്കയിലെ ഖുറൈശി പ്രമുഖൻ അബൂജഹലിന്റെ മകൻ. പ്രായം മുപ്പതോടടുത്തിരിക്കുന്നു. സമൂഹത്തിൽ പ്രശസ്തിവർദ്ധിച്ചു കൊണ്ടിരിക്കുന്നു. അബൂജഹലിനെപ്പോലെ മകൻ ഇക്രിമയും സമൂഹത്തിൽ ശ്രദ്ധേയനാകുന്നു.

മുമ്മദ് (സ) തങ്ങളുടെ നുബുവ്വത്തിന്റെ വാർത്ത ഇക്രിമയുടെ കാതുകളിലും വന്നണഞ്ഞു. പക്ഷെ, തന്റെ പിതാവ് ഖുറൈശി പ്രമുഖനാണ്. മുഹമ്മദിനെതിരാണ്. സത്യവിശ്വാസികൾക്കെതിരാണ്. അവൻ വിശ്വാസികളെ മർദ്ദിക്കാൻ തുടങ്ങി. സർവ്വ പീഢനമുറകളും അഴിച്ചു വിട്ടു. അവർ സർവ്വം സഹിച്ചു. മർദനങ്ങൾക്ക് മുന്നിൽ പതറിയില്ല. അവർക്ക് വിശ്വാസമായിരുന്നു വലുത്. എല്ലാം പ്രപഞ്ചനാഥനെ ഏൽപിച്ചു.

ശത്രുക്കൾ പരാചയപ്പെടുകയാണ്. അബൂജഹൽ മർദനം തുടരുകയാണ്. പക്ഷെ എല്ലാം പരാജയത്തിൽ പര്യവസാനിച്ചു.

അവൻ താൻ ‘‘അബൂജഹ്ൽ’’ തന്നെയെന്ന് വ്യക്തമാക്കുകായിരുന്നു.

പിതാവിന്റെ സമ്മർദത്തിന് വഴങ്ങി പുത്രൻ ഇക്റിമയും വിശ്വാസികളെ ക്രൂശിക്കാൻ തുടങ്ങി.പ്രവാചകരെ ശക്തമായി എതിർത്തു.പിതാവിന്റെ തൃപ്തിക്കായി സർവ്വ മർദന മുറകളും പ്രയോഗിച്ചു. പീഡനങ്ങൾ തുടർന്നു കൊണ്ടേയിരുന്നു

പിതാവ് ബദ്റിലേക്ക് സൈന്യത്തെ നയിക്കുകയാണ്. മുസ്ലിംകളെ ആക്രമിക്കാനുള്ള സൈനിക നേതാവാണ് അബൂജഹൽ. മുശ്രിക്കുകൾ മുഴുവൻ ആഹ്ലാദത്തിലാണ്. യുദ്ധം അവർക്ക് പ്രതീക്ഷയായിരുന്നു. ഇക്റിമയും സൈന്യത്തോടൊപ്പം ചേരുന്നു. പിതാവിനെ പ്രോത്സാഹിപ്പിക്കാൻ മദ്യം കഴിക്കുന്നു. ബലിയറുക്കുന്നു. അബൂ ജഹൽ മകനിൽ സർവ്വ പ്രതീക്ഷയും അർപ്പിച്ച് രണാങ്കണത്തിലിറങ്ങി. അവൻ ലാതയെയും ഉസ്സയെയും സഹായത്തിന് വിളിച്ചു.

പക്ഷെ, ലാത്തയും ഉസ്സയും വിളിക്ക് ഉത്തരം നൽകിയില്ല. അവ നിസ്സഹായരായിരുന്നു. അവ വെറും ബിംബങ്ങൾ മാത്രമായിരുന്നു. ഇക്റിമയുടെ കൺമുന്നിൽ വെച്ച് അബൂജഹൽ കൊല ചെയ്യപ്പെട്ടു. മുസ്ലിംങ്ങൾ യുദ്ധത്തിൽ വിജയം കൈവരിച്ചിരിക്കുന്നു. അവർ ഖുറൈശി നേതാക്കളെ പൊട്ടകിണറ്റിൽ വലിച്ചെറിഞ്ഞു.

ഇക്റിമ മക്കയിലേക്ക് തിരിച്ചു. മനസ്സ് നിറയെ മുസ്ലിംകളോടുള്ള വിദ്വേഷമാണ്. പ്രവാചകനോടുള്ള അമർശമാണ്. പിതാവിന്റെ കൊലപാതകത്തിനുള്ള പ്രതികാര ദാഹമാണ് മനസ്സ്

നിറയെ . പിതാവിന്റെ ആർത്തനാദം ഹൃദയത്തിൽ പ്രതിധ്വനിച്ചു കൊണ്ടിരിക്കുന്നു. ഇക്രിമയും കൂട്ടരും ശത്രുവിഭാഗത്തിനിടയിൽ വിദ്വേഷ വികാരം ഇളക്കിവിട്ടു. മുസ്ലിംങ്ങൾക്കെതിരെ അവരെ അണി നിരത്തി.

ശത്രു വിഭാഗം ഉഹ്ദിലേക്ക് നീങ്ങി. സ്ത്രീകളും പുരുഷൻമാരുമടങ്ങുന്ന വമ്പൻ സൈന്യം. സ്ത്രീകൾക്ക് ആവേശം നൽകാൻ ഇക്രിമയുടെ ഭാര്യ ഉമ്മുഹകീം കൂടെയുണ്ട്. സൈന്യത്തിന്റെ വലതുദളം ഖാലിദുബ്നു വലീദ് നയിക്കുന്നു. ഇടതുദളം ഇക്രിമയുടെ നിയന്ത്രണത്തിൽ. ശക്തമായ പോരാട്ടം നടക്കുകയാണ്. യുദ്ധത്തിൽ ശത്രുക്കൾ ധീരമായി പോരാടി.

കാല ചക്രം കറങ്ങിക്കൊണ്ടിരുന്നു.സത്യ നിഷേധികൾ വീണ്ടും ഇസ്ലാമിനെതിരെ നീങ്ങുകയാണ്. ശത്രു വിഭാഗം മദീനയ്ക്കടുത്തെത്തിയിരിക്കുന്നു. മുസ്ലിംകൾ മദീനയ്ക്ക് ചുറ്റും കിടങ്ങ് കുഴിച്ചിരിക്കുകയാണ്. ശത്രു വിഭാഗം കിടങ്ങിനു മറുവശത്ത് തമ്പടിച്ചിരിക്കുന്നു. അവർ മുസ്ലിംങ്ങളെ ഉപരോധിച്ചു. പക്ഷെ ഉപരോധം വിജയം കണ്ടില്ല. ഇക്രിമയുടെ കലിയടങ്ങിയില്ല. അവൻ കിടങ്ങ് പരിശോധിച്ചു. അൽപം വീതി കുറഞ്ഞ ഭാഗം നോക്കി കുതിരയെ മുന്നോട്ട് നയിച്ചു. കുതിര കിടങ്ങ് മുറിച്ച് കടന്നു. പലരും കൂടെകൂടി. പക്ഷെ മുസ്ലിം സൈന്യം അവരെ നേരിട്ടു. ശത്രു സൈന്യം തിരിച്ചോടി. ഇക്രിമയക്ക് പ്രതികാരത്തിനുള്ള അവസരം ലഭിച്ചില്ല.

വർഷങ്ങൾ പിന്നിട്ടു. ഇക്രിമയുടെ പ്രതികാര ദാഹത്തിന് ഒട്ടും കുറവ് വന്നില്ല. മദീന ഇസ്ലാമിക രാഷ്ട്രമായി മാറിയിരിക്കു

ന്നു. മുസ്ലിംങ്ങൾ കൂടുതൽ ശക്തി പ്രാപിച്ചിരിക്കുന്നു. പ്രവാചകർ അവർക്ക് ആത്മീയവും ഭൗതികവുമായ നേതൃത്വം നൽകുന്നു. സമീപ പ്രദേശങ്ങൾ അവർക്കുമുന്നിൽ കീഴടങ്ങിയിരിക്കുന്നു,

പ്രവാചകരും സംഘവും മക്കയിലേക്ക് വരുന്നു. ആട്ടിയോടിക്കപ്പെട്ട നാട്ടിലേക്ക് സർവ്വായുധ വിഭൂഷിതരായി കഅ്ബാലയത്തിന്റെ ഭൂമിയിലേക്ക്. മക്ക കീഴടക്കുകയാണ് ലക്ഷ്യം.

ഇക്രിമ അപകടം മനസ്സിലാക്കി യമൻ ലക്ഷ്യം വെച്ച് യാത്ര പുറപ്പെട്ടു മക്കയിൽ അത്ഭുതം സംഭവിക്കുകയാണ്. കറുത്ത വർഗ്ഗക്കാരനായ ബിലാൽ(റ) കഅ്ബയുടെ മുകളിൽ കയറി. തക്ബീർ ധ്വനികൾ മുഴക്കി. പല ഖുറൈശി പ്രമുഖരും ഇസ്ലാം സ്വീകരിച്ചു. ഇക്രിമയുടെ ഭാര്യ ഉമ്മു ഹക്കീം പ്രവാചക സന്നിധിയിൽ ചെന്നു. വിശുദ്ധ കലിമ ചൊല്ലി ഇസ്ലാം സ്വീകരിച്ചു.

ഉമ്മു ഹക്കീം(റ) പറഞ്ഞു. അല്ലാഹുവിന്റെ റസൂലേ അങ്ങയെ ഭയന്ന് ഇക്രിമ യമനിലേക്ക് യാത്രചെയ്തിരിക്കുന്നു. നബിയേ, അദ്ദേഹത്തിന് അഭയം നൽകിയാലും. പ്രവാചകർ അപേക്ഷ സ്വീകരിച്ചു. ഇക്രിമക്കു നിർഭയത്വം പ്രഖ്യാപിച്ചു.

ഉമ്മു ഹക്കീം(റ) ഇക്രിമയെ അന്വേഷിച്ച് യമനിലേക്ക് യാത്ര ചെയ്തു. കൂടെ റോമക്കാരനായ അടിമയുമുണ്ടായിരുന്നു. പക്ഷെ വഴിയിൽ വെച്ച് ഉമ്മു ഹക്കിം(റ) യെ അടിമ ശല്യം ചെയ്യാൻ തുടങ്ങി. ശല്യം അസഹ്യമായപ്പോൾ ഉമ്മു ഹക്കിം സമീപവാസികളോട് സഹായമഭ്യർത്ഥിച്ചു. അടിമയെ അവിടെ ഉപേക്ഷിച്ചു.

ഈ സമയം തിഹാമയിലെ കടൽക്കരയിൽ ഒരു മത്സ്യ തൊഴിലാളിയുമായി സംസാരിക്കുകയായിരുന്നു ഇക്‌രിമ. മത്സ്യ തൊഴിലാളി മുസ്‌ലിമായിരുന്നു. ഇക്‌രിമ അദ്ദേഹത്തോട് സഹായം അഭ്യർത്ഥിച്ചു. അദ്ദേഹം പറഞ്ഞു: ഇസ്‌ലാം സ്വീകരി ക്കുകയാണെങ്കിൽ നിന്നെ ഞാൻ രക്ഷപ്പെടുത്താം. ഈ സമയ ത്താണ് ഉമ്മു ഹക്കീം(റ) അവിടെ എത്തിയത്.

ഉമ്മുഹക്കീം(റ) ഇക്‌രിമയുടെ അടുക്കൽ ചെന്ന് പറഞ്ഞു: മുഹമ്മദ് നിങ്ങൾക്ക് നിർഭയത്വം പ്രഖ്യാപിച്ചിരിക്കുന്നു. ശേഷം ഇരുവരും മക്കയിലേക്ക് യാത്ര തിരിച്ചു. തന്റെ അടിമയെ ഉപേ ക്ഷിച്ച സ്ഥലമെത്തിയപ്പോൾ ഉമ്മുഹക്കിം(റ) യാത്രയിലുണ്ടായ തന്റെ അനുഭവങ്ങൾ വിശദീകരിച്ചു. ഇക്‌രിമ ഉടനെ തന്റെ അടി മയെ കണ്ടെത്തി വധിച്ചു കളഞ്ഞു.

ഇക്‌രിമയും ഭാര്യയും മക്കയിലെത്തി. പ്രവാചക സന്നിധി യിലേക്കു ചെന്നു. ഇക്‌രിമയെകണ്ടയുടൻ പ്രവാചകർ സന്തോ ഷാധിക്ക്യത്താൽ തന്റെ മേൽവസ്ത്രം പോലും ധരിക്കാതെ ചാടി എഴുന്നേറ്റു. ഇക്‌രിമ പ്രവാചക സമക്ഷം ഭവ്യതയോടെ നിന്നു. ഇക്‌രിമ പറഞ്ഞു: താങ്കൾ എനിക്ക് അഭയം നൽകിയിട്ടുണ്ടെന്ന് ഉമ്മുഹക്കിം എന്നെ അറിയിച്ചിരിക്കുന്നു. പ്രവാചകർ പറഞ്ഞു: അതെ ഉമ്മു ഹക്കീം പറഞ്ഞതു സത്യം തന്നെയാണ്. ശേഷം പ്രവാചകർ പരിശുദ്ധ ദീൻ പരിചയപ്പെടുത്തി. ഇസ്ലാം കാര്യങ്ങൾ പഠിപ്പിച്ചു.

അൽപനേരത്തെ സഹവാസം മാത്രം ഇക്‌രിമയുടെ മനസ്സ് മാറി തുടങ്ങി. പ്രതികാര ചിന്തകൾ അസ്തമിച്ചു. ഹൃദയം ശാന്ത

മായി. ഇക്‌രിമ(റ) തിരുനബി(സ)യുടെ കരം ഗ്രഹിച്ചു. പ്രവാച കർ(സ) കലിമ ചൊല്ലിക്കൊടുത്തു. ഇക്‌രിമ(റ) അതേറ്റുചൊല്ലി. ആ ഒരു നിമിഷം, പ്രവാചകരുടെ സാന്നിധ്യം അനുഭവിച്ചറിഞ്ഞ നിമിഷം, വിശുദ്ധ കലിമ സ്വീകരിച്ച നിമിഷം. അതോടു കൂടി ഇക്‌രിമ(റ) ഔന്നിത്യത്തിന്റെ പടവുകൾ കയറുകയാണ്. എല്ലാ ദുഷിച്ച ചിന്തകളും മാറി പകരം കലിമതുതൗഹീദ് നിലയുറപ്പി ക്കുകയാണ്. അല്ലാഹുവിന്റെയരികിൽ ഉന്നതപദവി നേടി മഹാനു ഭാവൻ ആദരിക്കപ്പെടുകാണ്.

എല്ലാം ഒരു നിമിഷത്തെ കൂടിക്കാഴ്ച കൊണ്ടു മാത്രം. തിരുമേനിയുമായുള്ള സഹവാസത്തിന്റെ മഹത്വം. ഈ സഹവാ സത്തിലൂടെ അവർ വിജയം വരിച്ചു. മഹത്തുക്കളുമായുള്ള സഹ വാസമാണ് വിജയരഹസ്യമെന്ന് പഠിപ്പിക്കുകയാണ് വിശുദ്ധ റസൂൽ ഇതിലൂടെ. അല്ലാഹുവിന്റെ ആളുകളുടെ സാമീപ്യമാണ് വിജയമാർഗ്ഗമെന്ന് പ്രഖ്യാപിക്കുകയാണ് ഇക്‌രിമ തന്റെ ജീവിത ത്തിലൂടെ.

അന്ത്യനാൾ വരെയുള്ള സമൂഹത്തിന് വിജയിക്കാനുള്ള സൂത്രവാക്യം മഹത്തുക്കളുടെ സുഹ്ബത്ത് (സഹവാസം) ആണെന്ന് ബോധ്യപ്പെടുത്തുകയാണ് തിരുമേനിയും അനുജരരും അവരുടെ ജീവിതത്തിലൂടെ നിർവഹിച്ചത്. ആധുനിക മുസ്‌ലിം ഉമ്മത്തിന്റെ പരാജയത്തിന്റെ ഹേതുകം ഈ സുഹ്ബത്തിന്റെ അഭാവമാണ്. മഹത്തുക്കളുമായുള്ള സ്നേഹബന്ധം നഷ്ടപ്പെട്ട താണ്.

ഇക്‌രിമ(റ) ഇസ്‌ലാമിക രാഷ്ട്രത്തിന്റെ ശക്തനായ കാവൽഭടനായി മാറി. വിശുദ്ധ മാർഗ്ഗത്തിനുവേണ്ടിയുള്ള സർവ്വ പോരാട്ടങ്ങളിലും സജീവസാന്നിധ്യമായി.

നബി(സ) ഈ ലോകത്തോട് വിടപറഞ്ഞു. ശേഷം സിദ്ദീഖ്(റ) ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ടു. നിരവധി പോരാട്ട ങ്ങൾ നടന്നു. ഇക്‌രിമ(റ) സർവ്വപോരാട്ടങ്ങളിലും നിറഞ്ഞുനി ന്നു. മുസ്‌ലീംകൾക്കിടയിൽ യർമൂക് യുദ്ധത്തിന്റെ കാഹളം മുഴ ങ്ങി. ശക്തരായ റോമൻ സൈന്യത്തെയാണ് മുസ്‌ലീംകൾ നേരി ടുന്നത്. റോമൻ സൈന്യം ശക്തമായ പ്രതിരോധം തീർക്കുകയാ ണ്. മുസ്‌ലീംകൾ പ്രതിസന്ധി നേരിടുകയാണ്.

ഇക്‌രിമ (റ) ഒരു സാഹസത്തിന് മുതിരുന്നു.. ഇസ്‌ലാമിനെ സംരക്ഷിക്കണം. ശത്രുസൈന്യത്തെ പരാജയപ്പെടുത്തണം. ഇക്‌രിമി(റ)തന്റെ കുതിരപ്പുറത്ത് നിന്നിറങ്ങി. വാളുറ വലിച്ചെറി ഞ്ഞു. നേരെ ശത്രുസൈന്യത്തിന്റെ മധ്യനിരയിലേക്ക്. പലരും തടയാൻ ശ്രമിച്ചു. ഖാലിദുബ്നു വലീദ് (റ) അപകടമാണെന്ന മുന്നറിയിപ്പ് നൽകി. ഇക്‌രിമ (റ) പറഞ്ഞു: വലീദ്, എന്നെ വെറുതെ വിടൂ ഞാനും എന്റെ പിതാവും പ്രാവചകരോട് ശത്രുത പുലർത്തിയവരായിരുന്നു. ഞാൻ അതിനുള്ള പ്രായശ്ചിത്വം ചെയ്യ ട്ടെ. ശേഷം ഇക്‌രിമ(റ) മരണം വരിക്കാൻ തയ്യാറുള്ളവരാരെന്നു ചോദിച്ചു. 400 മുസ്‌ലിംകൾ ഒപ്പം ചേർന്നു. അള്ളാഹുവിന്റെ മാർഗത്തിൽ അവർ യുദ്ധ ഭൂമിയിലിറങ്ങി. ശക്തമായി പട പൊരു തി. യർമുഖ് യുദ്ധം മുസ്‌ലിംകൾക്ക് അനുകൂലമായി മാറി.മു സ്‌ലിംങ്ങൾ വിജയം വരിച്ചു. ശത്രുക്കൾ പിന്തിരിഞ്ഞോടി.

യുദ്ധക്കളത്തിൽ പലരും ശഹീദായിരിക്കുന്നു. കൂട്ടത്തിൽ മൂന്നുപേർ വെട്ടേറ്റ് ക്ഷീണിതരായി കിടക്കുന്നു. ഹരിസുബ്നു ഹിശാം (റ), അയ്യാശുബ്നു അബീ റബീഅ (റ), ഇക്‌രിമ (റ) എന്നിവരാണവർ ഹാരിസ് (റ)വെള്ളമാവശ്യപ്പെട്ടു. ഒരു സ്വഹാബി വെള്ളവുമായി ചെന്നു. പക്ഷെ ഹാരിസ് (റ) ഇക്‌രിമ (റ) ക്ഷീണിതനായി കിടക്കുന്നതുകണ്ടു. വെള്ളം ഇക്‌രിമ (റ) വിന് കൊടുക്കാനാവശ്യപ്പെട്ടു. ആഗതൻ വെള്ളവുമായി ഇക്‌രിമ (റ)വിന്റെ അടുത്തേക്ക്. ഇക്‌രിമ (റ) ക്ഷീണിതനായ അയ്യാശ് (റ) വിനെ കാണുന്നു. വെള്ളം അവർക്ക് നൽകാനാവശ്യപ്പെടുന്നു. ആഗതൻ അയ്യാശ് (റ) വിന്റെ സമീപത്തെത്തുന്നു. അപ്പോഴേക്കും അയ്യാശ് (റ) ഈ ലോകത്തോട് വിടപറഞ്ഞിരുന്നു. ആഗതൻ വെള്ളവുമായി ഇക്‌രിമ (റ)ന്റെ അടുത്തേക്ക്. ഇക്‌രിമ (റ) വും ഇഹലോക വാസം വെടിഞ്ഞിരുന്നു. അദ്ദേഹം വെള്ളവുമായി ഹാരിസ് (റ)ന്റെ അടുത്തേക്ക് വീണ്ടും. പക്ഷേ, മഹാനുഭാവനും ശഹീദായിരിക്കുന്നു.

ഇസ്‌ലാമിക ചരിത്രത്തിലെ അവിസ്മരണീയ വ്യക്തിത്വം ഇക്‌രിമ (റ) യർമൂഖ് യുദ്ധത്തിൽ ശഹീദായി പ്രപഞ്ചനാഥന്റെ സന്നിദ്ധിയിലേക്ക് യാത്രയായി. പ്രവാചകരുടെ കൂടെച്ചേരാൻ മഹാനുഭാവൻ സ്വർഗീയ ലോകത്തേക്ക് യാത്രതിരിച്ചു.

# സൽമാനുൽ ഫാരിസി (റ)

മഹാനായ സൽമാനുൽ ഫാരിസി (റ) തന്റെ ഇസ്ലാമാശ്ലേഷണത്തെ കുറിച്ച് പരിചയപ്പെടുത്തുന്നു: 'ഹയ്യ്' എന്ന പ്രദേശത്താണ് ഞാൻ താമസിച്ചിരുന്നത്. നാട്ടിലെ അറിയപ്പെട്ട കർഷകനായിരുന്നു എന്റെ പിതാവ്. എന്നോട് വലിയ സ്നേഹമായിരുന്നു പിതാവിന്. എന്നെ വീട്ടിൽ നിന്നും പുറത്തിറങ്ങാൻ പോലും പിതാവ് അനുവദിച്ചിട്ടില്ല. അതു കാരണം തുറങ്കിൽ അടക്കപ്പെട്ടവനെപ്പോലെയായിരുന്നു എന്റെ ജീവിതം. ഞാൻ എന്റെ പിതാവിന്റെ മതമായ മജൂസി മതത്തിന് വേണ്ടി അദ്ധ്വാനിച്ചു. മുഴുവൻ സമയവും മതപരമായ കർത്തവ്യങ്ങളിൽ വ്യാപൃതരായി.

സൽമാൻ (റ) വീണ്ടും പറയുന്നു: പിതാവ് വലിയ കൃഷിയിടങ്ങളുടെ ഉടമായായിരുന്നു. നിരന്തരമായി വീട്ടിൽ തന്നെ കഴിച്ച് കൂടിയിരുന്ന എന്നെ പ്രഭാതത്തിൽ പിതാവ് ആ വിലയ കൃഷിയിടത്തിലേക്ക് പറഞ്ഞയച്ചു. അവിടെ ചെയ്യേണ്ട ചില കാര്യങ്ങളെക്കുറിച്ച് എനിക്ക് നിർദ്ദേശങ്ങൾ നൽകുകയും, വേഗം

മടങ്ങി വരണമെന്ന് പറയുകയും, അനാവശ്യമായി വഴിയിൽ തങ്ങരുതെന്ന് ഉപദേശിക്കുകയും ചെയ്തു. പിതാവ് വീട്ടിൽ തന്നെ ഇരിക്കുകയായിരുന്നു.

അങ്ങിനെ പിതാവിന്റെ തോട്ടവും ലക്ഷ്യമാക്കി ഞാൻ നടന്നു നീങ്ങി. യാത്രാമദ്ധ്യേ ഞാനൊരു ക്രൈസ്തവ ദേവാലയ ത്തിന്റെ മുമ്പിലെത്തിപ്പെട്ടു. ഞാനവരുടെ നമസ്കാരം കേട്ടു. വീട്ടിൽ നിന്നും പുറത്തിറങ്ങാതിരുന്ന എനിക്ക് പൊതു ജനങ്ങളെ കുറിച്ചോ അവരുടെ ആരാധനാ രീതികളെക്കുറിച്ചോ യാതൊരറി വുമുണ്ടായിരുന്നില്ല. അവർ ചെയ്യുന്നന്തെന്നറിയാൻ ഞാൻ ശബ്ദം കേട്ട ഭാഗത്തേക്ക് ചെന്നു. അവരുടെ ആരാധനാ രീതി കണ്ട പ്പോൾ എനിക്ക് വല്ലാത്ത ആശ്ചര്യമായി. എന്റെ മതത്തേക്കാൾ ഉത്തമമാണിതെന്ന് എന്റെ മനസ്സ് മന്ത്രിച്ചു. അങ്ങിനെ ഞാനവ രുടെ മതത്തിലാകൃഷ്ടനായി. അസ്തമയം വരെ ഞാനാ ക്രിസ്ത്യൻ ചർച്ചിനു മുന്നിൽ നിന്നു. ഇതിനിടെ ഞാൻ പിതാ വിന്റെ നിർദ്ദേശങ്ങളും തോട്ടത്തിന്റെ കാര്യവും മറന്നുപോകു കയും ചെയ്തു.

അങ്ങിനെ ആ ക്രിസ്ത്യാനികളുമായി ഞാൻ സംസാരിച്ചു. ഞാനവരോട് ചോദിച്ചു. നിങ്ങളുടെ മതത്തിന്റെ ഉറവിടം എവിടെ യാണ്? അവർ പറഞ്ഞു ശാമിലാണെന്ന്. അങ്ങിനെ അവരുമാ യുള്ള സംസാരം അവസാനിപ്പിച്ച് ഞാൻ വീട്ടിലേക്ക് മടങ്ങി.

ഞാൻ വീട്ടിലെത്തേണ്ട താമസം എന്നെ കണ്ട പിതാവെ ന്നോട് ചോദിച്ചു. നീ എവിടെയായിരുന്നു. ആദ്യമെ നിന്നോട് പറ

ഞ്ഞതല്ലേ നേരം വൈകരുതെന്ന്, ഞാൻ പറഞ്ഞു:പിതാവെ ഞാനൊരു ക്രിസ്ത്യൻ ചർച്ചിനരികിലൂടെ നടന്നു. അവരതിൽ നമസ്കരിക്കുന്നുണ്ടായിരുന്നു. അവരുടെ പ്രവർത്തനം എന്നെ അത്ഭുതപ്പെടുത്തി. അതിൽ ആകൃഷ്ടനായി അസ്തമയം വരെ ഞാനവിടെ നിന്നു. അതു കേട്ട പിതാവ് പറഞ്ഞു. ''നിന്റെ ഈ മതത്തേക്കാൾ ഉത്തമമല്ലത്. നിന്റെയും നിന്റെ പിതാമഹന്മാരുടെയും മതം തന്നെയാണ് ഉത്തമം'' ഞാൻ പറഞ്ഞു: ''പിതാവെ അങ്ങ് പറയുന്നത് ശരിയല്ല. ഇത് നമ്മുടെ മതത്തേക്കാൾ ഉത്തമം തന്നെയാണ്.''എന്റെ സംസാരത്തിൽ സംശയിച്ച പിതാവ് ഞാൻ ക്രസ്ത്യാനിയാകുമെന്ന് ഭയന്ന് എന്നെ കയ്യാമം വെച്ച് വീട്ടു തടങ്കലാക്കി.

അങ്ങനെ ഞാൻ ക്രസ്ത്യാനികളുടെ അടുത്തേക്ക് ഒരാളെ വിട്ടു. ശാമിൽ നിന്ന് വല്ല യാത്രാസംഘവും വരുന്നുണ്ടെങ്കിൽ എന്നെ അറിയിക്കണമെന്നും ദൂതൻ മുഖേന ഞാനവരെ അറിയിച്ചു. അങ്ങിനെ ശാമിൽ നിന്നും ഒരു കച്ചവട സംഘം അവിടെയെത്തുകയും ആ വിവരം എന്നെ അറിയിക്കുകയും ചെയ്തു. അവർ ശാമിലേക്ക് തിരിച്ചു പോകുമ്പോഴെന്നെ അറിയിക്കണമെന്ന് ഞാനവരോടാവശ്യപ്പെട്ടു. ദിവസങ്ങൾക്ക് ശേഷം യാത്രാ സംഘം ശാമിലേക്ക് മടങ്ങിപ്പോകുന്ന വിവരം ഞാനറിഞ്ഞു. ബന്ധനങ്ങളിൽ നിന്ന് മോചിതനായ ഞാൻ അവരോട് കൂടെ ശാമിലേക്ക് പുറപ്പെട്ടു. ശാമിലെത്തിയ ശേഷം നിങ്ങളുടെ മതത്തെകുറിച്ച് ഏറ്റവും കൂടുതൽ അറിയുന്നതാർക്കാണെന്ന് ഞാനവരോടന്വേഷിച്ചു. 'അസ്ഖൂഫ്' എന്ന ക്രിസ്തീയ പുരോഹി

തനെ കുറിച്ച് അവർ പറഞ്ഞുതന്നു. ഞാൻ അദ്ദേഹത്തിന്റെ അടുത്ത് ചെന്നു എന്റെ ആഗ്രഹങ്ങളെല്ലാം അദ്ധേഹത്തെ അറയിച്ചു. ഞാൻ നിങ്ങളുടെ കൂടെ ജീവിക്കാനാഗ്രഹിക്കുന്നുവെന്നും, നിങ്ങളുടെ മതം പഠിക്കലാണ് എന്റെ ഉദ്ദേശമെന്നും ഞാനദ്ധേഹത്തെ ധരിപ്പിച്ചു. അങ്ങിനെ അവിടെ താമസിക്കാനദ്ധേഹം എന്നെ അനുവദിച്ചു.

എന്നാൽ ദിവസങ്ങൾ പിന്നിട്ടപ്പോൾ ഞാൻ പല സത്യങ്ങളും മനസ്സിലാക്കി. ആ പുരോഹിതൻ ഒരു ദുഷ്ടനും, ജനങ്ങളോട് സംഭാവന നൽകാനാവശ്യപ്പെടുകയും അതിന് പ്രേരിപ്പിക്കുകയും ചെയ്യുമായിരുന്നു. എന്നാൽ ജനങ്ങളുടെ സംഭാവന പാവപ്പെട്ടവർക്ക് നൽകുന്നതിനു പകരം അദ്ദേഹമത് സ്വന്തമായി സൂക്ഷിക്കുകയാണ് ചെയ്തത്. ഇക്കാരണത്താൽ ജനസമൂഹം അദ്ദേഹത്തെ ചോദ്യം ചെയ്യുകയും നിനക്കിത് എവിടെനിന്ന് കിട്ടിയെന്നന്വേഷിക്കുകയും ചെയ്തപ്പോൾ ആ പുരോഹിതൻ താൻ എടുത്ത വെച്ച ഏഴു ഭരണി നിറച്ച് സ്വർണ്ണവും വെള്ളിയും കാണിച്ചു തന്നു. ഞങ്ങളെ വഞ്ചിച്ച ഈ ദുഷ്ടനായ അച്ഛനെ നമുക്ക് കുരിശിലേറ്റി എറിഞ്ഞു കൊല്ലാമെന്ന് ആ സമൂഹം തീരുമാനിക്കുകുയം അങ്ങിനെ അത് നടപ്പാക്കുകയും ചെയ്തു.

അങ്ങിനെ അസ്ഖൂഫിന് പകരം അവർ മറ്റൊരു പുരോഹിതനെ പള്ളിയിലെ അച്ഛനായി നിയമിച്ചു. മുൻഗാമിയേക്കാൾ നല്ലവനും ദൈവഭക്തനും പരിത്യാഗിയുമായിരുന്നു അദ്ദേഹം. ധാരാളം സത്ഗുണങ്ങളുള്ള അദ്ദേഹത്തെ ഞാൻ അതിയായി സ്നേഹിച്ചു. ലോകത്ത് മറ്റൊരാളെയും ഞനിപ്രകാരം സ്നേഹി

ച്ചിരുന്നില്ല. ഞാൻ അദ്ധേഹവുമായി കൂട്ടുകൂടി. വർഷങ്ങൾക്കു ശേഷം അദ്ധേഹത്തിന് രോഗം പിടിപ്പെട്ടു. രോഗശയ്യയിൽ കിടക്കുന്ന അദ്ദേഹത്തോട് ഞാൻ ചോദിച്ചു. ഇനി ആരുടെ അടുത്തേക്കാണ് ഞാൻ പോകേണ്ടത് അവസാനമായി നിങ്ങൾക്കെന്താണ് പറയാനുള്ളതെന്നും ഞാൻ അദ്ദേഹത്തോട് ചോദിച്ചു. അദ്ദേഹം പറഞ്ഞു. ഇന്ന് ദൈവ ഭക്തർകുറവാണ്. ആരാധനാ കർമ്മങ്ങൾ നിർവ്വഹിക്കാൻ ആളുകൾക്ക് മടിയാണ്. എന്നെ പോലുള്ള ആളുകൾ ഇന്ന് വിരളമാണ്. ശേഷം ആ പുരോഹിതൻ പറഞ്ഞു. ‘‘മൗസൽ’’ എന്ന പ്രദേശത്തൊരു പുരോഹിതനുണ്ട്. അദ്ദേഹം ഞാൻ ചെയ്യുന്ന പ്രവർത്തനങ്ങഖിലം ചെയ്യുന്ന വ്യക്തിയാണ്. അങ്ങോട്ടു പോകൂ എന്നു പറഞ്ഞു. ശേഷം അദ്ധേഹം മരണമടഞ്ഞു.

ഞാൻ മൗസലിലെ പുരോഹിതന്റെയടുത്തേക്ക് യാത്ര തിരിച്ചു. ഞാനാ സവിധത്തിലണഞ്ഞു. എന്നെ ഇന്നാലിന്ന ഒരു വ്യക്തി പറഞ്ഞയച്ചതാണിങ്ങോട്ട്, ആ നല്ല മനുഷ്യൻ അവസാനമായി എന്നെ ഉപദേശിച്ചത് ഇവിടേക്ക് വരാനാണ്. എന്ന് ഞാനദ്ദേഹത്തോട് പറഞ്ഞു. നിങ്ങളും അദ്ധേഹവും ഒരേ മതസ്ഥരാണെന്നും എന്നോട് പറഞ്ഞു എന്ന് ഞാനദ്ദേഹത്തെ ധരിപ്പിച്ചു.അന്നേരം എന്നെയവിടെ താമസിക്കാൻ ആ പുരോഹിതൻ സമ്മതിച്ചു. അദ്ദേഹം ഒരു നല്ലമനുഷ്യനാണെന്ന് ഞാൻ അദ്ദേഹത്തോടുള്ള സഹവാസത്തിൽ നിന്നും മനസ്സിലാക്കി. അങ്ങിനെ അദ്ദേഹത്തിന്റെ മരണസമയത്ത് ഞാനദ്ദേഹത്തോട് പറഞ്ഞു: എന്നെ ഇന്നാലിന്നയാളാണങ്ങയുടെ സവിധത്തിലേക്കയച്ചത്. നിങ്ങളുടെ

കാലശേഷം ഞാനാരുമായാണ് സഹവസിക്കേണ്ടതെന്ന് അന്വേഷിച്ചപ്പോൾ ആ പുരോഹിതൻ എനിക്ക് 'നസ്വീബയ്നി' എന്ന പ്രദേശത്തെ ഒരു പുരോഹിതന്റെയടുത്ത് നീ പോകണം എന്ന് പറഞ്ഞ് തരികയും ചെയ്തു.

അദ്ദേഹത്തിന്റെ മരണശേഷം നസ്വീബയ്നിലുള്ള പുരോഹിതന്റെയടുക്കൽ ഞാനെത്തി. അദ്ദേഹത്തിന് കാര്യങ്ങളെല്ലാം വിസ്തരിച്ച് പറഞ്ഞു കൊടുത്തു. എന്റെ താമസം അദ്ദേഹത്തോടൊപ്പമായി. അദ്ദേഹം മുൻഗാമിയോപ്പോലെ  നല്ലവനായിരുന്നു. അദ്ദേഹത്തിന്റെ കൂടെയും ഞാൻ ജീവിച്ചു. അദ്ദേഹവും മരണാസന്നനായപ്പോൾ ഞാനദ്ദേഹത്തോട് ചോദിച്ചു.ഞാനിനി ആരുടെ അടുത്ത് പോകാനാണ്, അവസാനമായി എന്താണെന്നോട് കൽപിക്കാനുള്ളത് എന്ന് ചോദിച്ചു. അന്നേരം അദ്ദേഹം 'ഉമൂരിയ്യ' എന്ന സ്ഥലത്തുള്ള ഒരാളെയെല്ലാതെ മറ്റൊരാളെയും എനിക്ക് കാണിച്ചു തരാൻ കഴിയില്ല എന്ന് മറുപടി തന്നു.

അദ്ദേഹത്തിന്റെ മരണശേഷം ഞാൻ ഉമൂരിയ്യയിലുള്ള ആ നല്ല മനുഷ്യനെ ചെന്ന് കണ്ടു. അദ്ദേഹത്തോട് എന്റെ വിഷയങ്ങളെല്ലാം തുറന്നു പറഞ്ഞു. അങ്ങിനെ അദ്ദേഹം അവിടെ താമസിക്കാൻ സമ്മതിച്ചു. അങ്ങിനെ ആ മനുഷ്യന്റെ മരണാസന്ന സമയത്ത് ഞാനദ്ദേഹത്തോട്  ചോദിച്ചു. എന്നെ ഇന്നാലിന്ന ആൾ പറഞ്ഞയച്ചിട്ടാണ് ഞാൻ ഇവിടെ വന്നത്. ഇനി ഞാൻ എവിടേക്കാണ് പോകേണ്ടത് എന്ന് ചോദിച്ചു. നിങ്ങൾക്ക് അവസാനമായി എന്താണെന്നോട് പറയാനുള്ളത്? അപ്പോൾ അദ്ദേഹം മറുപടി പറഞ്ഞു. എന്നെപ്പോലുള്ള ആളുകൾ വിരളമായ കാലമാണി

ത്. അതിനാൽ എനിക്കാരെയും നിനക്ക് കാണിച്ച് തരാനില്ല. ഇബ്രാഹീം (അ) പരമ്പരയിൽ പിറക്കാനിരിക്കുന്ന ഒരു ദൈവദൂതന്റെ ആഗമനത്തിന്റെ കാലമാണിത്. അദ്ദേഹം അറേബ്യയിൽ നിന്നാണ് വരികയെന്നും പറഞ്ഞു. ഈത്തപ്പനത്തോട്ടമുള്ള മദീന എന്ന നാട്ടിലേക്കായിരിക്കും അദ്ദേഹത്തിന്റെ പലായനം. അദ്ദേഹത്തിന് പ്രത്യക്ഷമാകുന്ന ഒരുപാട് അടയാളങ്ങളുണ്ട്. അദ്ദേഹം ഹദ്‌യ  ഭക്ഷിക്കും,. സ്വദഖ ഭക്ഷിക്കില്ല. അദ്ദേഹത്തിന്റെ ചുമലുകൾക്കിടയിൽ നുബുവ്വത്തിന്റെ അടയാളമുണ്ടാകും. നിനക്ക് ആ നാട്ടിലെക്കെത്തിപ്പെടാൻ സാധിക്കുമെങ്കിൽ നീ അവിടെ പോകണം.

അങ്ങിനെ അദ്ദേഹവും മരണമടഞ്ഞു.  ഞാൻ ഉമൂരിയ്യയിൽ ഒരുപാട് കാലം ജീവിച്ചു. ഒരു ദിവസം എന്റെ അടുത്ത് കൂടെ കൽബ് ഗോത്രത്തിൽപെട്ട ഒരു വിഭാഗം നടന്നു നീങ്ങി. ഞാനവരോട് ചോദിച്ചു. നിങ്ങളെന്നെ അറേബ്യയിലേക്ക് കൊണ്ടുപോകുമോ? അവരതിന് സമ്മതിച്ചു. എന്നെയും കൊണ്ടവർ അറേബ്യയിലേക്ക് നീങ്ങി. ഒരു താഴ്‌വരയിലെത്തിയപ്പോൾ അവരെന്നെ അക്രമിച്ച് അവശനാക്കി. അത് വഴി വന്ന ഒരു യഹൂദന് എന്നെ അടിമയായി വിറ്റു.

ഒരു യജമാനന് കീഴിൽ  അടിമയായി ഞാനെന്റെ ജീവിതം തള്ളിനീക്കി. ഞാനദ്ദേഹത്തിന്റെ അടുത്ത് താമസിച്ചു. അവിടെ ഞാൻ ഈത്തപ്പനകൾ കണ്ടു എന്റെ മുൻഗാമികൾ എനിക്ക് പറഞ്ഞുതന്ന ആ ഈത്തപ്പനകളുടെ നാട് ഇതായെങ്കിൽ എന്ന് ഞാൻ ആശിച്ചുപോയി.  ഞാനാ യഹൂദിയുടെ അടുക്കൽ താമ

സിക്കവെ മദീനക്കാരായ ബനൂ ഖുറൈള ഗോത്രത്തിൽപെട്ട ഒരാൾ അവിടെ വന്നു. അദ്ദേഹം എന്റെ യജമാനന്റെ ബന്ധുവായിരുന്നു. അവരെന്നെ എന്റെ യജമാനനിൽ നിന്നും വാങ്ങി. അങ്ങിനെ എന്നെ മദീനയിലേക്ക് കൊണ്ടുപോയി.

മഹാനവർകളുടെ വിശദീകരണം തുടരുന്നു: സ്നേഹിതന്മാർ എനിക്ക് വർഷങ്ങൾക്ക് മുമ്പ് പറഞ്ഞു തന്ന മദീന. അങ്ങനെ പ്രവാചകർ (സ) മണ്ണിലേക്ക് ആഗതനായി. അവർ മക്കയിൽ താമസിച്ചു.എനിക്ക് ഒരു വിവരവും ലഭിച്ചതുമില്ല. ഞാനാണെങ്കിൽ ആ പ്രവാചകനെ കാണാനുള്ള അതിയായ ആഗ്രഹത്തിലാണു താനും. അങ്ങനെ പ്രവാചകർ മദീനയുടെ മണ്ണിലേക്ക് പലായനം ചെയ്തു.

മഹാനവർകൾ പറയുന്നു. അല്ലാഹുവാണെ സത്യം. ഒരു ദിവസം ഞാനെന്റെ യജമാനന്റെ ഈത്തനപ്പതോട്ടത്തിൽ ജോലി ചെയ്യുന്ന സമയം യജമാനന്റെ കുടുംബക്കാരൻ അവിടേക്ക് കടന്നു വന്നു. അദ്ദേഹം വിളിച്ചു പറയുന്നു. ബനൂഖൈലക്ക് നാശം. നബിയാണെന്ന് വാദിക്കുന്ന ആ മനുഷ്യനെതിരെ ബനൂ ഖൈല ഇന്ന് ഖുബാഇൽ സമ്മേളിക്കും, ഇത് കേൾക്കേണ്ട താമസം ഞാൻ യജമാനന്റെ മുകളിലേക്ക് വീഴുമെന്ന് തോന്നും വിധത്തിൽ എന്റെ കൈകാലുകൾ വിറക്കാൻ തുടങ്ങി. ഉടനെ ഞാൻ താഴെയിറങ്ങി. യജമാനന്റെ കുടുംബക്കാരനോട് ഞാൻ ചോദിച്ചു. എന്താണ് നിങ്ങൾ പറയുന്നുത്. ഇത് കേട്ട യജമാനൻ ദേഷ്യപ്പെട്ടു. അദ്ദേഹമെന്നെ മർദ്ദിച്ചു. നിനക്കെന്തിവിടെ കാര്യം, നീ നിന്റെ പണിയെടുക്ക് എന്ന് പറഞ്ഞ് യജമാനൻ താക്കീത്

ചെയ്തു. ഈ സഹോദരൻ പറഞ്ഞ കാര്യം എനിക്കുറപ്പിക്കണം ഞാൻ പറഞ്ഞു.

അന്ന് വൈകുന്നേരമായപ്പോൾ ഞാൻ എന്റെ കയ്യിലുള്ള അൽപം ഈത്തപ്പഴവുമായി പ്രവാചക സന്നിധിയിലെത്തി. അപ്പോൾ പ്രവാചകർ ഖുബാഇലായിരുന്നു. ഞാൻ പ്രവാചക സന്നിധിയിലേക്ക് കയറിച്ചെന്നു. ''നിങ്ങളൊരു നല്ല മനുഷ്യനാണെന്ന് ഞാനറിഞ്ഞു.'' നിങ്ങളുടെ കൂടെ യാത്രക്കാരയ ഇവർ നിങ്ങളുടെ അനുയായികളാണെന്നും ഞാനറിഞ്ഞു. ഇത് അങ്ങേക്കുള്ള സ്വദഖയാണ്. ഇത് സ്വീകരിക്കാൻ ഏറ്റവും യോഗ്യൻ അങ്ങാണെന്ന് ഞാൻ മനസ്സിലാക്കി എന്ന് പറഞ്ഞ് ഞാനത് പ്രവാചകന് സമ്മാനിച്ചു. പ്രവാചകർ അത് ഭക്ഷിച്ചില്ല. അത് അവിടുത്തെ അനുചരർക്ക് നൽകി. സൽമാൻ (റ) പറഞ്ഞു. ഞാൻ എന്റെ മനസ്സിലുറപ്പിച്ചു. ഇത് ഒന്നാമത്തെ അയടയാളമാണ്. അങ്ങിനെ ഞാനവിടെ നിന്നും യാത്രയായി.

പിന്നീട് പ്രവാചകർ (സ) മദീനയിലെത്തി. അവിടെ ഞാൻ പ്രവാചകനെ കാണാനെത്തി. ഞാൻ പ്രവാചകരോടായി പറഞ്ഞു. അങ്ങ് സ്വദഖ ഭക്ഷിക്കില്ലെന്ന് എനിക്ക് മനസ്സിലായി. ഇത് അങ്ങേക്കുള്ള ഹദ്യയാണ്. സൽമാൻ (റ) പറയുന്നു. പ്രവാചകരും അവരുടെ അനുയായികളും അത് ഭക്ഷിച്ചു. ഞാനെന്റെ മനസ്സിൽ പറഞ്ഞു. ഇത് രണ്ടാമത്തെ തെളിവാണ്.

പിന്നെ പ്രവാചകർ (സ) തങ്ങൾ 'ബഖീഉൽ ഒർഖദി'ൽ എത്തി. പ്രവാചകർ (സ) തങ്ങൾ കുൽസൂമുബ്നു ഹറം എന്നവരുടെ മയ്യിത്തിനു കൂടെ പോകുന്നത് ഞാൻ കണ്ടു. പ്രവാചകർ

തന്റെ അനുയായികളുമൊത്ത് അവിടെ ഇരുന്നു. പരുത്ത രണ്ട് വസ്ത്രമാണ് പ്രവാചകരുടെ വേഷം. ഞാൻ പ്രവാചകരോട് സലാം പറഞ്ഞു. ആ പുരോഹിതൻ പറഞ്ഞ പ്രവാചകത്വത്തിന്റെ മുദ്ര പ്രവാചകരുടെ ചുമലിലുണ്ടോ എന്നറിയാൻ ഞാനൽപം പിന്നോട്ട് ചെന്നു. ഇത് മനസ്സിലാക്കി പ്രവാചകർ (സ) അവിടുത്തെ പരിശുദ്ധ ശരീരത്തിൽ നിന്നും മേൽതട്ടം മാറ്റിതന്നു.പ്രവാചകരുടെ ഇരു ചുമലുകൾക്കിടയിലുള്ള പ്രവാചകത്വ മുദ്ര ഞാൻ കണ്ടു. ഞാൻ പ്രവാചകരെ അണച്ചുകൂട്ടിപ്പിടിച്ചു. അവിടുത്തെ പരിശുദ്ധ കരങ്ങൾ മതിവരുവോളം ചുംബിച്ചു. ശേഷം ഞാൻ പ്രവാചകരുടെ മുന്നിലിരുന്നു. പ്രവാചകർക്കെന്റെ വിശാലമായ കഥ പറഞ്ഞുകൊടുത്തു. ഇത് കേട്ട് റസൂൽ (സ)യും സ്വഹാബത്തും ആശ്ചര്യപ്പെട്ടു.

അടിമയായ സൽമാൻ (റ) വിന് ബദ്റ്, ഉഹ്ദ് യുദ്ധങ്ങളിൽ പങ്കെടുക്കാൻ കഴിഞ്ഞില്ല. പിന്നെ പ്രവാചകർ പറഞ്ഞു. മോചനപത്രം എഴുതൂ സൽമാനേ. 40 ഉഖിയ്യത്തും, 300 ഈത്തപ്പനത്തൈകളും വെച്ച് പിടിപ്പിക്കണമെന്നുള്ള വ്യവസ്ഥയിൽ എന്റെ യജമാനൻ മോചനപത്രം എഴുതി. ഇതറിഞ്ഞ പ്രവാചകർ അവിടുത്തെ അനുയായികളോട് പറഞ്ഞു: നിങ്ങൾ സൽമാനെ സഹായിക്കണം. അങ്ങിനെ അവർ സഹായിച്ചു. പല സ്വഹാബികളും ഈത്തപ്പന തൈകൾ തന്നു. ഒന്ന് തന്നവരും പത്ത് തന്നവരും മുപ്പത് തന്നവരുമൊക്കെയുണ്ടായിരുന്നു അക്കൂട്ടത്തിൽ. എനിക്കുള്ള എണ്ണം ശരിയായപ്പോൾ പ്രവാചകർ (സ) പറഞ്ഞു. സൽമാൻ കുഴി കുഴിക്ക്. കുഴി പൂർത്തിയായാൽ എന്നെ അറിയി

ക്കണം. ഞാൻ അവ നട്ടുതരാം. എന്ന് പറഞ്ഞു. ഞാൻ കുഴിക്കാൻ തുടങ്ങി. പല സ്വഹാബികളും എന്നെ സഹായിച്ചു.ഞാൻ നിശ്ചിത എണ്ണം പൂർത്തിയാക്കി. പ്രവാചകരെ അറിയിച്ചു. പ്രവാചകരെന്റെ ഈത്തപ്പനത്തോട്ടത്തിലേക്ക് വന്നു. ഓരോരോ തൈകൾ ഞാൻ പ്രവാചകന് നൽകി. പ്രവാചകർ (സ) ഓരോന്നായി നടാൻ തുടങ്ങി. അല്ലാഹുവാണെ സത്യം, പിന്നെ അതിൽ നിന്ന് ഒന്നും ഉണങ്ങിയിട്ടില്ല. പിന്നെ ഞാനെന്റെ ഈത്തപ്പനകൾ യജമാനന് നൽകി. ഇനി എനിക്ക് പണം നൽകാനുണ്ട്. കോഴിമുട്ടയോളം വലിപ്പമുള്ള ചെറിയ ഒരു സ്വർണ്ണഖനിയിൽ നിന്നൊരു സാധനവുമായി പ്രവാചകർ (സ) വന്നു. ‘‘ എവിടെ ആ സൽമാനുൽ ഫാരിസി’’ എന്ന് ചോദിച്ചു. ഞാനുടനെ പ്രവാചകന്റെ സന്നിധിയിലെത്തി. ‘‘ഇത് പിടിക്ക്. നിനക്കുള്ള പണത്തിനിത് നൽകിയാൽ മതി’’ സൽമാൻ (റ) അത് സ്വീകരിച്ചു. തൂക്കിനോക്കി. അല്ലാഹുവാണെ സത്യം. ഞാനെനിക്കുള്ള ഓഹരി മുഴുവൻ അതിൽ നിന്ന് നൽകി.

# സുറാഖതുബ്നു മാലിക്(റ)

സുറാഖതുബ്നു മാലിക്(റ) ഖുറൈശിയിലെ ബനുമുദ്‌ലജ് വംശജൻ ഖുറൈശി പ്രമാണികളിൽ പ്രമുഖൻ. കുതിര സവാരിയിൽ പ്രശസ്തി നേടിയവർ ധീരതകൊണ്ടും കായികാഭ്യാസം കൊണ്ടും കഴിവു തെളിയിച്ചവർ, സമൂഹത്തിൽ ആദരണീയർ.

പ്രവാചകർ(സ) ഹിജ്റ പോകാനുള്ള തയ്യാറെടുപ്പിലാണ്. മദീനയിലേക്ക്. ഈന്തപ്പനയുടെയും ഉപ്പുവെള്ളത്തിന്റെയും നാട്ടിലേക്ക്. ഈന്തപ്പനകൾ തിങ്ങിപ്പാർക്കുന്ന കറുത്ത മണ്ണിന്റെ ഭൂമിയിലേക്ക്. പ്രവാചകർ സിദ്ദീഖ്(റ)വിനെ വിളിച്ചു. യാത്രാസാമഗ്രികൾ ഒരുക്കി. ശത്രുക്കൾ വീട് വളഞ്ഞിരിക്കുകയാണ്. എല്ലാവരും തിരുമേനിയുടെ രക്തം കൊതിച്ചുകൊണ്ടിരിക്കുന്നു. പ്രവാചകർ അലി (റ)വിനെ വിളിച്ചു. തന്റെ വിരിപ്പിൽ കിടത്തി. ഒരുപിടി മണ്ണു

വാരി. സർവ്വശക്തനെ സ്മരിച്ച് ശത്രുക്കൾക്കിടയിലേക്കെറിഞ്ഞു. പ്രവാചകർ യാത്രയാരംഭിച്ചു. കൂടെ സിദ്ദീഖുൽ അക്ബർ(റ). ശത്രുക്കൾ അന്വേഷണം ആരംഭിച്ചു. പക്ഷേ പ്രവാചകർ വീടുവിട്ടിരിക്കുന്നു. ഹാശിം സന്തതികളുടെ വീടുകളിൽ അന്വേഷിച്ചു. പ്രവാചകാനുജരുടെ സർവ്വ ഗൃഹങ്ങളും പരിശോധിച്ചു. ഒരു വിവരവും ലഭിച്ചില്ല. ശത്രുക്കൾ സിദ്ദീഖ്(റ)വിന്റെ വീട്ടിലേക്ക്. മകൾ അസ്മാബി ബീവി രംഗത്തുവന്നു. അബൂ ജഹൽ പിതാവിനെ അന്വേഷിച്ചു. അസ്മ ബീവി അറിയില്ലെന്നു പറഞ്ഞു. അബൂ ജഹൽ ക്ഷുഭിതനായി അസ്മാബീവിയുടെ കവിളത്തടിച്ചു.

മുഹമ്മദ് (സ) മക്കവിട്ടിരിക്കുന്നു. ഖുറൈശി നേതൃത്വം കുപിതരായി. അവർ പ്രവാചകരെ പിന്തുർന്നു. അവർ പാരിദോഷികം പ്രഖ്യാപിച്ചു. ‘‘മുഹമ്മദിനെ ജീവനോടെ പിടികൂടുകയോ തലയറുക്കുകയോ ചെയ്യുന്നവർക്ക് 100 മുന്തിയ ഇനം ഒട്ടകങ്ങൾ ലഭിക്കുന്നതാണ്’’

സുറാഖതുബ്നു മാലിക്(റ) മക്കയുടെ സമീപം ഖുദൈദിലായിരുന്നു. കൂടെ തന്റെ വംശജരിൽ പലരുമുണ്ട്. സഭയിലേക്ക് ഒരു ഖുറൈശി ദൂതൻ കടന്നു വരുന്നു ഖുറൈശി പ്രമുഖരുടെ പാരിതോഷികവാർത്ത അവരെ അറിയിക്കുന്നു. സുറാഖയുടെ മനസ്സിൽ പ്രതീക്ഷയുടെ തിരകൾ അലതല്ലിതുടങ്ങി. 100 ഒട്ടകം.... പക്ഷെ അദ്ദേഹം അത് മനസ്സിൽ അടക്കി. ആരോടും പറഞ്ഞില്ല മറ്റൊരാൾക്കും പ്രതീക്ഷ നൽകാതിരിക്കാൻ. സുറാഖ സദസ്സിൽ നിന്ന്പിരിയും മുമ്പ് അവിടെ മറ്റൊരാൾ കടന്നു വരുന്നു. അദ്ദേഹം പറഞ്ഞു: അല്ലാഹുവാണ് സത്യം, മൂന്ന് പേർ എന്റെ

മുന്നിലൂടെ കടന്ന് പോയിരിക്കുന്നു. അവർ മുഹമ്മദും അബൂബക്കറും അവരുടെ വഴികാട്ടിയുമാണെന്ന് ഞാൻ സംശയിക്കുന്നു.

തന്റെ ആഗ്രഹം മനസ്സിനുള്ളിൽ ഒതുക്കി സുറാഖ പറഞ്ഞു: അല്ല അത് നഷ്ടപ്പെട്ട ഒട്ടകത്തെ അന്വേഷിച്ചിറങ്ങിയവരാണ്. അൽപസമയം കൂടി സുറാഖ ആ സദസ്സിൽ സംഘമിച്ചു. സഹപ്രവർത്തകരുടെ സംസാരവിഷയം മുഹമ്മദ് (സ)യിൽ നിന്ന് വ്യതിചലിച്ചപ്പോൾ സുറാഖ പതിയെ രംഗം വിട്ടു. പെട്ടെന്ന് വീട്ടിലേക്ക്. തന്റെ അടിമ സ്ത്രീയെ വിളിച്ചു. ജനങ്ങളുടെ കണ്ണിൽപെടാതെ തന്റെ കുതിരയെ താഴ്വരയുടെ മധ്യത്തിൽ കെട്ടിയിടാൻ സ്വകാര്യമായി കൽപ്പിച്ചു.

ശേഷം തന്റെ അടിമയെ വിളിച്ചു. ആയുധം സജ്ജീകരിക്കാൻ കൽപിച്ചു. അവൻ ആയുധങ്ങൾ സജ്ജീകരിച്ചു. വീടിനുപിറകിലൂടെ പതിയെ പുറപ്പെട്ടു. ആരുടെയും ശ്രദ്ധയിൽ പെടാതെ കുതിരയുടെ സമീപത്തെത്തി. അവിടെ ആയുധങ്ങൾവെച്ച് അവൻ തിരിച്ചുവന്നു.

സുറാഖ അങ്കി ധരിച്ചു, ആയുധം അണിഞ്ഞു കുതിരപ്പുറത്തു കയറി. നേരെ പ്രവാചകനെ തേടി യാത്രയായി. ഖുറൈശി വിഭാഗത്തിലെ ഉന്നതനായ കുതിര സവാരിക്കാരൻ പ്രവാചകനെയും അന്വേഷിച്ചു മുന്നോട്ടു നീങ്ങുന്നു. മക്കയുടെ സർവ്വ വഴികളും അദ്ദേഹത്തിന് സുപരിചതമാണ്. കാൽപാടുകൾ പിന്തുടരുന്നതിൽ അഗ്രഗണ്യൻ.

പ്രവാചകരുടെയും സഹചാരിയുടെയും ഒട്ടകകാൽപ്പാടുകൾ പിന്തുടർന്ന് സുറാഖ അതിശീഘ്രം മുന്നോട്ട്. പക്ഷേ ഏറ്റവും മുന്തിയ ഇനം കുതിര, സുറാഖത്തിന്റെ കുതിര തെന്നി വീഴുന്നു. കൂടെ സുറാഖയും നിലംപതിച്ചു. ലജ്ജാഭാരത്താൽ സുറാഖ തന്റെ കുതിരയെ അസഭ്യം പറഞ്ഞ് വീണ്ടും കുതിരപ്പുറത്തുകയറി മുന്നോട്ട്. അധികം വൈകും മുമ്പേ സുറാഖയും കുതിരയും വീണ്ടും തെന്നിവീഴുന്നു. സുറാഖ യാത്രഅവസാനിപ്പിക്കാൻ തീരുമാനിച്ചു.

പക്ഷേ 100 ഒട്ടകം, അത്യാഗ്രഹം അദ്ദേഹത്തെ വീണ്ടും മുന്നോട്ട് നയിച്ചു. അൽപം മുന്നോട്ട് നീങ്ങി. മുന്നിൽ മുഹമ്മദ് നബിയും സിദ്ദീഖും. സുറാഖ അമ്പെയ്യാനുള്ള തയ്യാറെടുപ്പിൽ. പക്ഷേ തന്റെ കൈ നിശ്ചലമായിരിക്കുന്നു. ഇരു കരങ്ങൾക്കും ചലനശേഷി നഷ്ടപ്പെട്ടിരിക്കുന്നു. കുതിരയുടെ കാലുകൾ ഭൂമിയിലേക്ക് ആണ്ടുപോകുന്നു. മുന്നോട്ട് നോക്കിയാൽ പുകപടലങ്ങൾ മാത്രം. ഇരുകണ്ണുകളും പുകപടലങ്ങളാൽ മൂടപ്പെട്ടിരിക്കുന്നു. സുറാഖ കുതിരയെ നയിക്കാൻ ശ്രമിച്ചു. പക്ഷെ കുതിരയുടെ കാലുകൾ ചലിക്കുന്നില്ല. ആണി അടിച്ചതുപോലെ അവ ഭൂമിയിൽ ഒട്ടിപിടിച്ചിരിക്കുന്നു.

സുറാഖ പരിഭ്രാന്തനായി പ്രവാചകനെ വിളിച്ച് അട്ടഹസിച്ചു. മോക്ഷത്തിനായി കേണപേക്ഷിച്ചു. പ്രവാചകൻ(സ) അല്ലാഹുവിനോട് പ്രാർത്ഥിച്ചു. അല്ലാഹു സുറാഖയെ മോചിപ്പിച്ചു. പക്ഷേ അത്യാഗ്രഹം അദ്ദേഹത്തെ വീണ്ടും മുന്നോട്ട് നീങ്ങാൻ പ്രേരിപ്പിച്ചു. തൽസമയം വീണ്ടും പ്രപഞ്ച നാഥന്റെ ദൃഷ്ടാന്തം

പ്രകടമാകുന്നു. കുതിരക്കാലുകൾ കൂടുതൽ താഴ്ചയിലേക്ക് ആണ്ടുപോയി. വീണ്ടും സുറാഖ പ്രവാചകനെ വിളിച്ച് മാപ്പപേക്ഷിക്കുന്നു. തിരുമേനിയെ പിന്തുടരുന്നവരെ തിരിച്ചു വിടുമെന്നും വാക്കുനൽകുന്നു. പ്രവാചകർ(സ) സുറാഖക്കു മാപ്പു കൊടുക്കുന്നു. സുറാഖ സംസാരിക്കാൻ അനുമതി തേടി. അദ്ദേഹം പറഞ്ഞു : ഓ മുഹമ്മദ്, അല്ലാഹുവാണെ, നിങ്ങളുടെ മതം അത് പ്രകടമാകുകതന്നെ ചെയ്യും നിങ്ങൾ അത്യുന്നതിയിൽ എത്തുകയും ചെയ്യും അതുകൊണ്ട് ഞാൻ അങ്ങയുടെ നാട്ടിൽ വന്നാൽ അങ്ങെനിക്ക് മാന്യത കൽപ്പികണം. ഈ കരാർ എനിക്ക് എഴുതിത്തരണം.

തിരുനബി(സ) സിദ്ദീഖ് (റ)വിനോട് എഴുതിക്കൊടുക്കാൻ കൽപ്പിച്ചു. സിദ്ദീഖ് (റ) ഒരു പലകയിൽ ഈ കരാർ എഴുതി നൽകി. സുറാഖ യാത്ര പുറപ്പെടാൻ ഒരുങ്ങുമ്പോൾ റസൂൽ(സ) പറഞ്ഞു: സുറാഖ, നീ കിസ്റയുടെ വസ്ത്രം അണിയിക്കപ്പെട്ടാൽ എങ്ങനെയിരിക്കും? സുറാഖ അന്ധാളിച്ചു. കിസ്റ! ഹുർമുസിന്റെ മകൻ കിസ്റയുടെയോ? പ്രവാചകർ(സ) പറഞ്ഞു: അതെ, ഹുർമുസിന്റെ മകൻ കിസ്റയുടെ.

സുറാഖ തിരിച്ചു മക്കയിലേക്ക്. വഴിയിൽ പലരേയും കണ്ടുമുട്ടി. എല്ലാവരും തിരുമേനിയെ തിരഞ്ഞിറങ്ങിയിരിക്കുകയാണ്. സുറാഖ അവരോട് പറഞ്ഞു: ഈ ഭൂമി മുഴുവൻ ഞാൻ അന്വേഷിച്ചിരിക്കുന്നു. ഈ പാതകൾ മുഴുവൻ നിങ്ങളെക്കാൾ സുപരിചിതമാണെനിക്ക്. ഇനിയൊരു അന്വേഷകന്റെ ആവശ്യകതയില്ല. ഖുറൈശികൾ സർവ്വരും നിരാശരായി മക്കയിലേക്കു മട

ങ്ങി. പ്രവാചകരും സിദ്ദീഖ്(റ)വും മദീനയിലെത്തുംവരെ സുറാഖ തന്റെ യാത്രാനുഭവങ്ങൾ ഹൃത്തടത്തിൽ സൂക്ഷിച്ചു മറ്റാരുമറിയാതെ. റസൂലുല്ല മദീനയിലെത്തി. സുറാഖ ഖുറൈശികൾക്കു മുന്നിൽ തന്റെ അനുഭവ കഥകൾ വിസ്തരിച്ചു. അബൂ ജഹൽ സുറാഖയെ ശപിച്ചുകൊണ്ടിരുന്നു. അവൻ സുറാഖയെ ആക്ഷേപിച്ചു. സുറാഖയുടെപ്രതികരണം ഒരു കവിതയായി ഒഴുകുകയായിരുന്നു.

ابا حكم, واالله لو كنت شاهدا لأمر جوادى اذ تسوخ قوائمه

علمت ولم تشكك بان محمدا رسول ببرهان فمن ذا يقاومه؟

കാലം പലതും കഴിഞ്ഞു. ഇസ്ലാമിക ലോകത്ത് വിപ്ലവകരമായ മാറ്റങ്ങൾ സംഭവിച്ചു. മദീന ഇസ്ലാമിക രാഷ്ട്രമായി മാറിയിരിക്കുന്നു. ശത്രുക്കൾ മുസ്ലീംകളോട് പരാജയം എറ്റുപറഞ്ഞിരിക്കുന്നു. ഖുറൈശികളുടെ ശക്തി ക്ഷയിച്ചിരിക്കുന്നു. ഇന്ന് തിരുനബി  മക്കയിലേക്ക് തിരിച്ചു വരികയാണ്. ആട്ടിയോടിക്കപ്പെട്ട ജന്മ നാട്ടിലേക്ക് സൈനിക നായകനായി കടന്ന് വരികയാണ്. പ്രമാണികളും ഉന്നതരുമായിരുന്ന ഖുറൈശി നേതാക്കൾ നിന്ദ്യരും ഭീരുക്കളുമായി നീങ്ങുകയാണ്. അവർ റസൂലുല്ലയോട് മാപ്പിരക്കുകയാണ്.

സുറാഖതുബ്നു മാലിക്, തന്റെ ഒട്ടകപ്പുറത്ത് കയറി തിരുസന്നിധിയിലേക്ക് . സ്വഹാബികൾ അദ്ദേഹത്തെ വലയം ചെയ്തു. സുറാഖ സ്വഹാബത്തിനിടയിലൂടെ വിശുദ്ധ റസൂലിന്റെ സമീപത്തേക്ക്. തിരുമേനി(സ) ഒട്ടകപ്പുറത്തിരിക്കുകയാണ്.

സുറാഖ തന്റെ കയ്യിൽ കരുതിയിരുന്ന എഴുത്ത് പ്രവാചകർക്കുനേരെ നീട്ടി. പ്രവാചകർ സുറാഖയെ അടുത്തേക്കു വിളിച്ചു. സുറാഖക്ക് വിശുദ്ധ കലിമയുടെ കൈമാററം നടന്നു. പ്രവാചകരുടെ കരം ഗ്രഹിച്ച് സുറാഖ(റ) കലിമതുത്ത്വയ്യിബ സ്വീകരിച്ചു. പ്രവാചകർ(സ) കലിമ ചൊല്ലിക്കൊടുത്തു. لا اله الا الله محمد رسول الله സുറാഖ (റ) അതേറ്റു ചൊല്ലി.

ആ ഒരു നിമിഷം കൊണ്ട് സുറാഖ(റ)വിന്റെ മനസ്സ് മാറി മറിയുകയാണ്. മനസ്സിൽ വിശുദ്ധ ഹബീബ്(സ) സ്ഥാനം പിടിച്ചു. ശ്വാസനിശ്വാസങ്ങൾ കലിമതുത്ത്വയ്യിബയായി. ഹൃദയം പ്രപഞ്ചനാഥന്റെ സിംഹാസനമായി മാറി. അധരങ്ങളിൽ കലിമതുത്ത്വയ്യിബ സ്ഥാനം പിടിച്ചു. സൃഷ്ടികളിൽ ഉന്നതരിൽ ഉൾപ്പെട്ടു. എല്ലാം ഒരൊറ്റ നിമിഷത്തെ സഹവാസം കൊണ്ട്. വിശുദ്ധ കലിമ പ്രവാചകരിൽ നിന്ന് ഏറ്റു ചൊല്ലിയതുകൊണ്ട്. അതുകൊണ്ടവർ വിജയിച്ചു. അതവർ നെഞ്ചോട് ചേർത്തുവെച്ചു. വിജയം വരിക്കാനുള്ള മാർഗ്ഗം അതാണെന്നവർ തിരിച്ചറിഞ്ഞു. അതവർ പരസ്യപ്പെടുത്തി.

സുറാഖ(റ) ഇസ്‌ലാമിക പ്രബോധന പാതയിൽ സജീവ സാന്നിധ്യമായി മാറുകയായിരുന്നു. പക്ഷേ അധികം താമസിയാതെ ലോകത്തിന്റെ നായകൻ മുഹമ്മദ് മുസ്തഫ(സ) പ്രപഞ്ചനാഥന്റെ വിളിക്കുത്തരം നൽകി. സുറാഖ(റ)വിന് ദു:ഖം താങ്ങാനായില്ല. പ്രവാചകനെ വധിക്കാൻ തയ്യാറായ നിമിഷം തന്റെ മനസ്സിനെ മഥിച്ചുകൊണ്ടിരുന്നു. സുറാഖ(റ)വിനു എല്ലാം നഷ്ടമായയ

തുപോലെ. പ്രവാചകന്റെ വാക്കുകൾ മനസ്സിൽ തികട്ടിവരുന്നു ‘‘നീ കിസ്റയുടെ വസ്ത്രം അണിയിക്കപ്പെട്ടാൽ എങ്ങനെയിരിക്കും’’.

കാലം മുന്നോട്ടു നീങ്ങികൊണ്ടിരുന്നു. മുസ്ലിം സമുദായത്തിന്റെ ഖലീഫയായി സിദ്ദീഖ്(റ) ചുമതലയേറ്റു. ശേഷം അധികാരം ഉമറുൽ ഫാറൂഖ്(റ)വിന്റെ കരങ്ങളിൽ. ഇസ്ലാമിക രാഷ്ട്രത്തിന്റെ വസന്തകാലം. മുസ്ലീം സൈന്യം പേർഷ്യൻ സൈന്യവുമായി ഏറ്റുമുട്ടുകയാണ്. ശക്തമായ പോരാട്ടം നടന്നു. പേർഷ്യൻ കോട്ടകൾ തകർക്കപ്പെട്ടു. സൈന്യങ്ങൾ പിന്തിരിഞ്ഞോടി. പേർഷ്യൻ കൊട്ടാരം മുസ്ലീംകളുടെ കരങ്ങളിൽ.

ഉമർ(റ)വിന്റെ ഖിലാഫത്തിന്റെ അവസാന ദിനം സഅ്ദിബ്നു അബീവഖാസ്(റ)വിന്റെ ദൂതൻ മദീനയിലേക്കു കടന്നുവന്നു. പേർഷ്യൻ വിജയവാർത്ത ഖലീഫയെ അറിയിച്ചു. യുദ്ധാനന്തര സ്വത്തുക്കളുമായിട്ടായിരുന്നു ദൂതൻ കടന്നു വന്നത്. സമ്പാദ്യം മുഴുവൻ ഖലീഫയുടെ മുമ്പിൽ. അതിൽ കിസ്റയുടെ പവിഴകിരീടമുണ്ടായിരുന്നു.

സ്വർണ്ണനൂലിനാലുള്ള വസ്ത്രം ഉൾകൊണ്ടിരുന്നു. ഉമർ(റ) കിസ്റയുടെ വസ്ത്രവും ആഭരണങ്ങളും ആയുധങ്ങളും കൈയിലെടുത്തു. ശേഷം സുറാഖ(റ)വിനെ വിളിച്ചു. കിസ്റയുടെ വസ്ത്രവും ആഭരണവും സുറാഖ(റ)വിന് ധരിപ്പിച്ചു. ആയുധങ്ങൾ അണിയിച്ചു.

ഖലീഫ ഉമർ(റ) സുറാഖ(റ)വിനെ ഒന്നു നോക്കി. പ്രപഞ്ച നാഥനിലേക്ക് തലയുയർത്തി പ്രാർത്ഥിച്ചു. ''അല്ലാഹുവേ വിശുദ്ധ റസൂലിനും സന്തത സഹചാരി സിദ്ദീഖ്(റ)വിനും നൽകാത്ത ഈ സമ്പത്ത് നീ എന്നെ ഏൽപിച്ചു. അതുകൊണ്ട് നീ എന്നെ വഞ്ചിതനാക്കരുത്. അധികം താമസിയാതെ ആ സമ്പാദ്യം മുഴുവൻ മുസ്‌ലീംകൾക്കിടയിൽ വീതിച്ചു. വിശുദ്ധ ഹബീബിന്റെ തിരുവചനം അവിടെ പുലരുകയായിരുന്നു.

# ശൈഖ് രിഫാഈ (റ)

ഹിജ്റ 512 ഇറാഖിലെ ബത്ഹാഅ് ഗ്രാമത്തിലെ ഹസൻ പ്രദേശം ഒരു തിരുപ്പിറവിക്ക് സാക്ഷ്യം വഹിക്കുകയായിരുന്നു. സമുന്നതപണ്ഡിതൻ അബുൽ ഹസൻ (റ) വിന്റെയും ഉമ്മുൽ ഫള്ൽ ഫാത്തിമ അൻസാരിയുടെയും മകനായി ശൈഖ് രിഫാഈ (റ) ജന്മം കൊള്ളുന്നു.

ചെറുപ്രായത്തിൽ തന്നെ അത്ഭുത സിദ്ധികൾ കുട്ടിയിൽ പ്രത്യക്ഷപ്പെടാൻ തുടങ്ങി. തൊട്ടിലിൽ വെച്ച് സംസാരിക്കുന്നു. തസ്ബീഹ് ചൊല്ലുന്നു. റമളാൻ മാസം മുലകുടി നിർത്തി. കുട്ടി സമൂഹത്തിൽ ചർച്ചാ വിഷയമാകുന്നു.

കുട്ടി വളരുകയാണ്. കളിചിരി പ്രായത്തിലും ഇബാദത്തി ലാണ് കുട്ടിയുടെ ശ്രദ്ധ. സമപ്രായക്കാർ കളിച്ചു രസിച്ചു നടക്കു

ന്നു. കൊച്ചു രിഫാഈ മഹത്തുക്കളുടെ സാന്നിദ്ധ്യം തേടി നടക്കുന്നു. അവരുമായി സംസാരിക്കുന്നു. വിജ്ഞാനം തേടുന്നു. ഏഴാം വയസ്സിൽ വിശുദ്ധ ഖുർആൻ മനപ്പാഠമാക്കി. ഉപരിപഠനത്തിന് അബുൽ ഫള്ൽ അലിയ്യുൽ വാസിത്വി (റ) വിന്റെ സമീപത്തേക്ക്. പഠനത്തിൽ മിടുക്കനായി വളർന്നു. ഉസ്താദിന്റെ തൃപ്തി കരസ്ഥമാക്കി. സർവ്വ വിജ്ഞാനങ്ങളും കരഗതമാക്കി.

വിജ്ഞാനം നുകരാനുള്ള സർവ്വ കവാടങ്ങളിലും കടന്നു കയറി. കർമ്മ ശാസ്ത്രത്തിൽ അത്യുന്നത വിജ്ഞാനം കരസ്ഥമാക്കി. ശാഫിഈ മദ്ഹബിൽ കർമ്മ ശാസ്ത്ര ഗ്രന്ഥങ്ങൾ രചിച്ചു. പാണ്ഡിത്യത്തിൽ ലോകം സ്മരിക്കുന്ന നാമമായി മാറി ശൈഖ് രിഫാഈ (റ)

ജനലക്ഷങ്ങൾ വിജ്ഞാനം തേടി മഹാനുഭാവന്റെ സന്നിദ്ധിയിലേക്ക് ഒഴുകിയെത്താൻ തുടങ്ങി. പലരും ഫത്വകൾ തേടി തിരു സവിധത്തിലെത്തി. വിജ്ഞാന ദാഹികളായി കടന്നു വന്നവർ സംതൃപ്തരായി മടങ്ങുന്നു. പ്രതിസന്ധികളുമായി വന്നണഞ്ഞവർ പരിഹാരമാർഗ്ഗവുമായി കൂടണയുന്നു.

ശൈഖ് രിഫാഈ (റ) തന്റെ വിജ്ഞാന മേഖലയിലും ആത്മീയത കൈവെടിഞ്ഞില്ല. പുണ്യ പുരുഷൻമാരുടെ സഹവാസത്തിന് പ്രാമുഖ്യം നൽകിയിരുന്നു. ആത്മീയ ഗുരുവര്യന്റെ സാന്നിദ്ധ്യം അനിവാര്യമാണെന്ന് മഹാനുഭാവൻ തിരിച്ചറിഞ്ഞു. വിജയ പാത അതാണെന്ന് മനസ്സിലാക്കി.

ശൈഖ് അലിയ്യുൽ വാസിത്വി (റ) വിന്റെ കരം ഗ്രഹിച്ചു. വിശുദ്ധ കലിമ സ്വീകരിച്ചു. അവിടുത്തെ മുരീദായി ജീവിതം

നയിച്ചു. സർവ്വം ശൈഖിനു മുന്നിൽ സർപ്പിച്ചു. അവരെ പൂർണ്ണമായി അനുധാവനം ചെയ്തു. വിശുദ്ധ കലിമ മനസ്സിൽ ഊട്ടിയുറപ്പിച്ചു. ശൈഖിൽ നിന്ന് ഖിർഖ സ്വീകരിച്ചു.

തന്റെ കുടുംബത്തിനും നാട്ടുകാർക്കും വിശുദ്ധ മാർഗം പരിചയപ്പെടുത്തി. ആത്മീയ മേഖലയിലേക്ക് അവരെ വഴി നടത്തി. തന്റെ ശൈഖിന്റെ മകൾ ഖദീജ അൻസാരിയ്യയുമായി ആദ്യ വിവാഹം നടന്നു. നീണ്ടകാലത്തെ ജീവിതത്തിനു ശേഷം മഹതി ഈ ലോകത്തോട് വിട പറഞ്ഞു. ശേഷം മഹതിയുടെ സഹോദരി സയ്യിദ് റാബിയയുമായി ശൈഖവർകളുടെ വിവാഹം നടന്നു. തന്റെ പേരക്കുട്ടികളെല്ലാം ഔലിയാക്കളായിരുന്നു. ഇറാഖിലും ഈജിപ്തിലും സിറിയയിലുമെല്ലാം അവർ വ്യാപിച്ചു. ശൈഖ് രിഫാഈ (റ)ന്റെ സന്ദേശങ്ങൾ അവർ അവിടെ പ്രചരിപ്പിച്ചു.

ശൈഖ് രിഫാഈ(റ) തന്റെ ദൗത്യം നിർവ്വഹിച്ച് കൊണ്ടിരുന്നു. സമൂഹത്തെ സംസ്കരിക്കുന്ന ദൗത്യം. അവർക്ക് കലിമതുത്ത്വയ്ബയുടെ കൈമാറ്റം നിർവ്വഹിച്ച് കൊണ്ടിരുന്നു. അവർക്ക് പ്രവാചകരിലേക്കും പ്രപഞ്ചനാഥനിലേക്കുമുള്ള മാർഗം സുഗമമാക്കികൊടുക്കുന്നു. പക്ഷേ അവിടെയും പ്രബോധന മാർഗത്തിൽ വിഘ്ടനം സൃഷ്ടിക്കാൻ ഇരുട്ടിന്റെ ഉപാസകർ ശ്രമം നടത്തി. പലരും തെറി വിളിച്ച് കത്തുകളെഴുതി. രിഫാഈ ശൈഖിനെയും ത്വരീഖത്തിനെയും നിശിതമായി വിമർശിച്ചു.

പക്ഷെ, പ്രപഞ്ച നാഥൻ അവന്റെ ദീൻ നിലനിർത്തുക തന്നെ ചെയ്തു. എല്ലാ ദുശ്ശക്തികളും പരാജയപ്പെട്ടു. ശൈഖ് രിഫാഈ (റ) വിന്റെ ദൗത്യം പൂർത്തീകരികപ്പെട്ടു. തന്റെ സമൂഹ

ത്തിന് വിജയം വരിക്കാനുള്ള മാർഗങ്ങൾ വ്യക്തമാക്കികൊടുത്തു. വരും തലമറുക്ക് വിജയിക്കാനുള്ള ഉപദേശ നിർദ്ദേശങ്ങൾ നൽകി. ആത്മീയ ഗുരുവര്യന്റെ സഹവാസമാണ് വിജയിക്കാനുള്ള സൂത്രവാക്യമെന്ന് മഹാനുഭാവൻ സമൂഹത്തിന് പഠിപ്പിച്ചു. മഹാനുഭാവൻ പറഞ്ഞു. ശൈഖില്ലാത്തവന്റെ ശൈഖ് പിശാചാകുന്നു. ഈ യാഥാർത്ഥ്യം ജനങ്ങളെ ബോധിപ്പിക്കുകയായിരുന്നു രിഫാഈ(റ) തന്റെ ജീവിതത്തിലൂടെ.

അങ്ങനെ, ജനലക്ഷങ്ങളെ ആത്മീയോന്നതയിലേക്കുയർത്തിയ നിരുപമ വൈജ്ഞാനിക വിപ്ലവത്തിന് നേതൃത്വം നൽകിയ സമൂഹത്തിന്റെ ഹൃദയാന്തരങ്ങളിൽ സ്ഥിരപ്രതിഷ്ഠ നേടിയ ശൈഖ് അഹ്മദുൽ കബീർ രിഫാഈ (റ) സർവ്വശക്തന്റെ സന്നിധിയിലേക്ക് യാത്ര തിരിച്ചു.

ഹിജ്റ 578 ജമാദുൽ ഊല 12 നായിരുന്നു മഹാനുഭാവന്റെ വിയോഗം

ശൈഖ് ജൗഹറുൽ യമാനി (റ) പറയുന്നു. ''രോഗമൊന്നും ഇല്ലാത്ത സമയത്ത് തന്നെ തന്റെ അന്ത്യ സമയത്തെ മഹാനുഭാവൻ സൂചിപ്പിച്ചിരുന്നു. രോഗം ശക്തമായപ്പോൾ രിഫാഈ (റ) വുളു എടുത്ത് രണ്ട് റക്അത്ത് നിസ്കരിച്ചു. ശേഷം ശഹാദത് കലിമ ചൊല്ലി. ഈ ലോകത്തോട് വിട പറഞ്ഞു. മഹാനുഭാവന്റെ വഫാത്തിന് ശേഷം മുമ്പ് ഞങ്ങൾക്ക് പരിചയം പോലുമില്ലാത്ത ഏഴ് ശുഭ്രവസ്ത്രധാരികളെ ഞങ്ങൾ കണ്ടു. അവർ ശൈഖ് (റ) വിനെ കുളിപ്പിക്കാനും അവിടുത്തെ തിരുശരീരം വഹിക്കാനുമെല്ലാം വളരെ ഭയഭക്തിയോടെ നേതൃത്വം വഹിച്ചു. ജനാസ

നിസ്കാരത്തിന് ശേഷം ഞങ്ങൾ അവരെ കണ്ടില്ല. ശൈഖ് (റ) വിന്റെ ജനാസയെ മുമ്പൊന്നും ഞങ്ങൾ കാണാത്ത വിധം പച്ച പക്ഷികൾ നാല് ഭാഗത്ത് നിന്നും ബറക്കത്തെടുക്കാൻ വേണ്ടി വലയം ചെയ്തിരുന്നു. ഇത് കണ്ട ജനങ്ങൾ അത്ഭുതപ്പെട്ടു. സംഭവത്തിന് സാക്ഷികളായ എഴുന്നൂറോളം ജൂതൻമാരും ആയിരത്തോളം ക്രിസ്ത്യാനികളും ഈസ്ലാം സ്വീകരിച്ചു. അവിടുത്തെ ഖബറിൽ നിന്ന് സുഗന്ധം അടിച്ചുവീശാൻ തുടങ്ങി.

ഉമ്മു അബീദയിൽ തന്റെ പിതാവ് യഹ്യന്നജ്ജാരിയുടെ ഖബ്റിന്നടുത്ത് മഹാനുഭാവന്റെ ഖബറിടം നിലകൊള്ളുന്നു.

# സുൽത്താനുൽ ഹിന്ദ്

ഖാജാ മുഈനുദ്ദീൻ ഹസൻ സഞ്ചരി ചിശ്തി(റ), ഹിജ്റ 572 (എഡി. 1142) ന് അഫ്ഗാനിസ്ഥാനിലെ സഞ്ചറിൽ ജന്മം കൊണ്ടു. പിതാവ് മുഖേനയും മാതാവ് മുഖേനയും അലി(റ) വിൽ എത്തിച്ചേരുന്ന കുടുംബ പരമ്പര. പിതാവ് ഖാജ ഗിയാസുദ്ദീൻ ഹസൻ(റ) സൂഫിയും കച്ചവടക്കാരനുമായിരുന്നു. ധനികനായിട്ടും പരിത്യാഗിയായി ജീവിതം നയിച്ചു. മാതാവ് ബീവി മാഹിനൂർ(റ) ആത്മീയോന്നതി കൈവരിച്ച യുവതി.

ചെറുപ്രായം മുതൽ ദൈവീകാരാധനയിലും ധ്യാനത്തിലും തൽപരനായിരുന്നു ഖാജ(റ). തന്റെ സമപ്രായക്കാർ

കളിയിലും വിനോദത്തിലുമേർപ്പെടുമ്പോൾ ഇബാദത്തിൽ മുഴു കുകയായിരുന്നു ഖാജാ(റ). പതിനഞ്ചാം വയസ്സിൽ തന്നെ വാത്സല്യനിധിയായ തന്റെ പിതാവിനെ നഷ്ടപ്പെട്ടു. പരീക്ഷ ണങ്ങളുടെ ദിനരാത്രങ്ങൾക്ക് പ്രാരംഭം കുറിക്കുകയായിരുന്നു അവിടെ.

ഒരു ദിനം തന്റെ തോട്ടം നനക്കുകയായിരുന്നു കൗമാര ക്കാരനായ ഖാജ(റ). പിതാവിൽ നിന്ന് അനന്തരമായി ലഭിച്ച തോട്ടം. തോട്ടത്തിലൂടെ സൂഫിവര്യനായ ഇബ്റാഹിം ഖന്ദുസി(റ) കടന്ന് പോവുകയാണ്. ഖാജ(റ) ശൈഖിന്റെ അടു ക്കൽ ചെന്ന് ആ തൃക്കരം ചുമ്പിച്ചു. ഖന്ദൂസി(റ) കുട്ടിയുടെ മര്യാദയും ബഹുമാനവും കണ്ട് അത്ഭുതം കൂറി കുട്ടിയുടെ ശിരസ്സിൽ കൈവെച്ച് ഉന്നതിക്കായി പ്രാർത്ഥിച്ചു. ശൈഖ വർകൾ യാത്ര തുടരാനൊരുങ്ങുന്നു. കുട്ടി ശൈഖവർകളോട് സൗഭാഗ്യത്തിനായി തോട്ടത്തിൽ വിശ്രമിക്കാൻ അപേക്ഷിച്ചു.

ഖന്ദൂസി(റ) ക്ഷണം സ്വീകരിച്ചു. തോട്ടത്തിലേക്ക് കടന്നു ചെന്നു. ഖാജ(റ) ആദരപൂർവ്വം അവരെ ഒരിടത്തിരു ത്തി. രണ്ടു കുട്ട നിറയെ മുന്തിരിയുമായി തിരിച്ചു വന്നു. ഖാജ( റ) പറഞ്ഞു: 'അങ്ങയെ സ്വീകരിക്കാൻ ഇതു മാത്രമാണ് എന്റെ പക്കലുള്ളത് സ്വീകരിച്ചാലും'

ശൈഖവർകൾ അതിൽ നിന്ന് അൽപം ഭക്ഷിച്ചു. തത്സ മയം കുട്ടിയുടെ മുഖത്ത് സന്തോഷം വിരിയുന്നത് മഹാനുഭാ വൻ ദർശിച്ചു. ഖാജയെ അടുത്തു വിളിച്ച് പറഞ്ഞു. മോനേ, നീ

ഒരു സൂഫിയെ നന്നായി സ്വീകരിച്ചിരിക്കുന്നു. നീ മനസ്സിലാക്കുക. ഈ ഹരിത വൃക്ഷത്തോട്ടങ്ങൾ അതിലെ പഴങ്ങൾ, അതിന്റെ ഉടമസ്ഥൻ, അവന്റെ പിതാക്കന്മാർ എല്ലാം ഒരിക്കൽ നാശമടയുന്നതാണ്. നോക്കൂ, ഇപ്പോൾ വസന്തകാലമാണ്. ഇനിയിവിടെ ഹേമന്തം കടന്നുവരും കൊടുങ്കാറ്റുകൾ വന്ന് തോട്ടം നശിപ്പിക്കും. ശേഷം നിനക്കൊരു തോട്ടം കാണാം. അതിലെ വൃക്ഷങ്ങൾ നശിക്കാത്തതാണ്. അതിന്റെ പഴങ്ങൾ ഒരിക്കൽ രുചിച്ചവർ ഐഹിക ലോകത്തിന്റെ ആനന്ദത്തിലേക്ക് കണ്ണുകളുയർത്തില്ല.''

ശേഷം ഖന്ദൂസി(റ) തന്റെ കീശയിൽ നിന്ന് ഒരു റൊട്ടിക്കഷ്ണമെടുത്ത് വായിലിട്ടു ചവച്ചു ഖാജയ്ക്ക് നൽകി. വലിയൊരു സമ്മാനം പോലെ ഖാജയത് സ്വീകരിച്ചു. ഉണക്ക റൊട്ടിയാണെങ്കിലും ആവേശത്തോടെ ഖാജയത് ഭക്ഷിച്ചു.

തുടർന്ന് മാറ്റത്തിന്റെ കാലങ്ങളായിരുന്നു. ഖാജ(റ)വിന്റെ ജീവിതം പാടെ മാറിത്തുടങ്ങി. ഐഹിക ലോകത്തോട് വിരക്തി തോന്നുന്നു. അത് നിസാരമാണെന്ന തോന്നൽ മനസ്സിനെ മഥിക്കുന്നു.

അധികം താമസിച്ചില്ല. അടുത്ത ദിനം തന്നെ ഖാജ(റ) തന്റെ തോട്ടം മറ്റൊരാൾക്ക് വിൽക്കുന്നു. ജനം അത്ഭുതപ്പെട്ടു. യത്തീമായ കുട്ടി ജീവിക്കാനുള്ള ഏക മാർഗമായ തോട്ടം വിറ്റിരിക്കുന്നു. അവർ പലതും പറഞ്ഞു, പിന്തിരിപ്പിക്കാൻ ശ്രമിച്ചു. പക്ഷെ ഐഹിക സുഖം ത്യജിക്കാൻ ഖാജ തീരുമാനിച്ചിരു

ന്നു. ലഭിച്ച സമ്പാദ്യം മുഴുവൻ ദരിദ്രർക്ക് ദാനം ചെയ്തു. പലരും ഖാജയെ മനോരോഗിയെന്ന് മുദ്രകുത്തി. എന്നാൽ അതൊരു പുതിയ അധ്യായത്തിന്റെ പ്രാരംഭമായിരുന്നു. തന്റെ അനശ്വര ജീവിതത്തിനു വേണ്ടിയുള്ള വഴികാട്ടിയെ അന്വേഷിച്ചുള്ള യാത്രയുടെ ആരംഭം.

വർഷങ്ങൾ നീണ്ട രിയാളകൾക്കും മുജാഹദകൾക്കും ശേഷം പ്രവാചക നിർദ്ദേശ പ്രകാരം ഖാജ(റ) ഇന്ത്യയിലേക്ക്. ഇന്ത്യയിലെ അജ്മീറിലേക്ക് പോകാനാണ് തിരുനബി(സ) യുടെ നിർദ്ദേശം. ഖാജ(റ) ബൽഖും ഗസ്നിയും പിന്നിട്ട് അജ്മീറിലേക്ക്. അമുസ്ലിംകളുടെ കേന്ദ്രമായ അജ്മീർ. ഇന്ത്യയിൽ മുസ്ലിംകൾ വളരെ തുച്ഛമാണ്. അജ്മീറിന്റെ ഭരണം അക്രമിയും അഹങ്കാരിയുമായ പൃഥിരാജ് ചൗഹാന്റെ കരങ്ങളിൽ.

ഇന്ത്യയിലെ ഭൂരിഭാഗം അമുസ്ലിംകളുടെയും ഭാഷ സംസ്കൃതമായിരുന്നു. ഖാജ(റ) സംസ്കൃതം പഠിച്ചു. അമുസ്ലികൾക്കിടയിൽ പ്രബോധനം നടത്തി, അവരെ വിശുദ്ധ ദീനിലേക്ക് ക്ഷണിച്ചു, അല്ലാഹുവിലേക്കടുപ്പിച്ചു. ദിനേന നൂറുകണക്കിന് അമുസ്ലിംകൾ ഖാജ(റ)വിന്റെ കരം ഗ്രഹിച്ച് ബൈഅത് ചെയ്തു. വിശുദ്ധ കലിമ സ്വീകരിച്ചു. ഖാജ(റ) അവരെ കലിമതു ത്വയ്യിബ കൊണ്ട് സംസ്കരിച്ചെടുത്തു. അല്ലാഹുവിലേക്കും തിരുറസൂലിലേക്കുമടുപ്പിച്ചു. അതിലൂടെ അവർ തിരുറസൂലിന്റെ സാമീപ്യം അനുഭവിച്ചു.

പ്രബോധനത്തിന്റെ പ്രാരംഭ ഘട്ടം മുതൽ പൃഥിരാജ് ഖാജ(റ)വിനെതിരെ ശക്തമായി രംഗത്ത് വന്ന് മഹാനുഭാവനെ പ്രയാസപ്പെടുത്തി. സത്യവിശ്വാസികൾക്ക് സമൂഹത്തിൽ ബഹിഷ്കരണം ഏർപ്പെടുത്തി. പ്രബോധനത്തിന്റെ സുഗമ മായ വഴികൾ സർവ്വതും അദ്ദേഹം തടസ്സപ്പെടുത്തി. പ്രതി സന്ധി രൂക്ഷമായി. മുരീദുമാർ പരാതിപ്പെട്ടു. ഖാജ(റ) പറഞ്ഞു: അവനെ ഞാൻ ജീവനോടെ പിടികൂടി മുസ്ലിം സൈനികരെ ഏൽപ്പിക്കും. ഇതറിഞ്ഞ പൃഥിരാജ് ഖാജ(റ)വിനെ പരിഹസിച്ചു. മുസ്‌ലിം സൈന്യം എവിടുന്നു വരും? ഖസ്നിയ രാജാവ് ഗോറി നമ്മുടെ ശക്തി അറിഞ്ഞതല്ലേ?

ശിഹാബുദ്ദീൻ ഗോറി ആയിരുന്നു ഗസ്നിയ ഭരിച്ചിരുന്ന ത്. ഒരു രാത്രി അദ്ദേഹം സ്വപ്നം കണ്ടു. പ്രശോഭിത മുഖമുള്ള ഒരാൾ വന്നു പറയുന്നു: യുദ്ധത്തിനിറങ്ങുക. ശത്രുക്കളുടെ മേൽ അല്ലാഹു നിങ്ങൾക്ക് ആദിപത്യം നൽകും. ഇന്ത്യയുടെ ഭരണം നിങ്ങളുടെ കീഴിൽ വരും. പ്രഭാതത്തിൽ ഗോറി തന്റെ അനുയായികളുമായി യുദ്ധ സംബന്ധിയായി ചർച്ച ചെയ്തു. പക്ഷേ, പൃഥിരാജുമായി ഉണ്ടായ ഘോരയുദ്ധത്തിലേറ്റ പരാ ജയം അവരെ തടഞ്ഞുവെച്ചു. അന്നു രാത്രിയും അതേ മനു ഷ്യൻ സ്വപ്നത്തിൽ യുദ്ധത്തിനിറങ്ങാൻ കൽപ്പിക്കുന്നു. ഒടു വിൽ ഗോറി യുദ്ധത്തിനു തയ്യാറായി. എഴുപതിനായിരം സൈനികരുമായി പുറപ്പെട്ടു അജ്മീറിലെത്തി. പൃഥിരാജിനടു ത്തേക്ക് ഒരു ദൂതനെ പറഞ്ഞയച്ചു. നിങ്ങൾ മുസ്‌ലീമാകുക

പരലോകത്ത് വിജയിക്കാ ം. മാത്രമല്ല നിങ്ങളുടെ അധികാര ത്തിനെതിരിൽ ഞങ്ങൾ യുദ്ധത്തിനിറങ്ങുകയുമില്ല.

പൃഥിരാജിന് കോപമടക്കാനായില്ല. അവൻ ആക്രോശി ച്ചു. പരിവാരങ്ങളോട് യുദ്ധത്തിന് ആഹ്വാനം ചെയ്തു. ഇരു വിഭാഗവും ശക്തമായ പോരാട്ടത്തിൽ. ഒടുവിൽ ശിഹാബു ദ്ധീൻ ഗോറിയുടെ സൈന്യം വിജയശ്രീലാളിതരായി. പൃഥിരാ ജിനെ ബന്ധിയാക്കി. ചിശ്തി(റ) വിന്റെ വാക്കുകൾ അവിടെ പുലരുകയായിരുന്നു. യുദ്ധാനന്തരം ഗോറി നാടുകൾ ചുറ്റിക്കറ ങ്ങുകയാണ്. തന്റെ അധികാര കേന്ദ്രത്തിൽ ഒരു ശൈഖ് വസി ക്കുന്നതറിഞ്ഞ ഗോറി ആ സന്നിധിയിലേക്ക് കടന്നുചെന്നു. ശൈഖിന്റെ തിരുവദനം കണ്ട ഗോറി അന്ധാളിച്ചു. താൻ സ്വപ്നത്തിൽ ദർശിച്ച വദനം തനിക്ക് നിർദ്ദേശങ്ങൾ നൽകിയ അതേ വ്യക്തിത്വം. ഗോറി ആദരവോടെ ശൈഖ് അവർകൾക്കു മുന്നിൽ നിന്നു.

ചിശ്തി(റ) പറഞ്ഞു: നിങ്ങളുടെ ശത്രു ശക്തനായി രുന്നു. പക്ഷേ, അല്ലാഹു അവരെ പരാജയപ്പെടുത്തി. നിങ്ങൾ അവന്റെ പ്രീതിക്കുവേണ്ടി പ്രവർത്തിക്കുക. അശരണരെ സഹായിക്കുക. മഹാനായ ചിശ്തി(റ) വിനെ ആദരിച്ച കാരണം ഡൽഹിയിൽ ഗോറി സ്ഥാപിച്ച ഇസ്‌ലാമിക ഭരണ കൂടം 800 വർഷം നീണ്ടു നിന്നു.

ഇസ്‌ലാമിക ഭരണം നിലവിൽ വന്നതോടെ ലക്ഷക്കണ ക്കിന് ജനങ്ങൾ ഇസ്‌ലാമിലേക്ക് കടന്നു വന്നു. ഖാജ(റ) ഇന്ത്യ

യിലെക്ക് കടന്ന് വരുമ്പോൾ മാരണം കൊണ്ട് അത്ഭുതം കാണിക്കുന്നവർ നിരവധി ഉണ്ടായിരുന്നു. എല്ലാ മായാജാല ങ്ങളും ചിശ്തി(റ) വിന്റെ മുമ്പിൽ തകർന്നടിയുന്നത് കണ്ട പലരും ഖാജ(റ)വിന്റെ കരംഗ്രഹിച്ച് വിശുദ്ധ ദീൻ പുൽകുക യുണ്ടായി. അവിടത്തെ സ്നേഹവും സഹായവും കണ്ട് ജന ങ്ങൾ കൂട്ടം കൂട്ടമായി പരിശുദ്ധ ദീനിലേക്ക് കടന്നുവന്നു. രാജ ക്കൻമാരും ഉദ്യോഗസ്ഥരും അവിടത്തെ കാൽകീഴിൽ വന്നണ ഞ്ഞു. ഈ അത്യുന്നത പദവികൾ മുഴുവൻ ഖാജ(റ)വിന് ലഭ്യ മായത് തന്റെ ആത്മീയ ഗുരുവര്യൻ ശൈഖ് ഉസ്മാനുൽ ഹാറു നി(റ)വിലൂടെ ആയിരുന്നു. തന്റെ ആത്മീയ ഉന്നതിക്ക് ഒരു ആത്മീയ ഗുരുവര്യൻ അനിവാര്യമാണെന്ന് തിരിച്ചറിഞ്ഞ് ശൈഖ് ഉസ്മാനുൽ ഹാറുനി(റ)വിനെ മുറുകെപിടിച്ചതിനാലാ യിരുന്നു. അതിലുപരിയായി ഖാജ(റ) ഇന്ത്യയിലേക്ക് കടന്നുവ ന്നത് അല്ലാഹുവിന്റെയും തിരുറസൂലിന്റെയും സമ്മതം ലഭിച്ച തിനുശേഷമായിരുന്നു. തിരുറസൂലിന്റെ സമ്മതത്തോടുകൂടി വരുന്നവർക്കു മാത്രമേ ജനമനസുകളെ സംസ്കരിച്ചെടുക്കാൻ സാധിക്കുകയുള്ളുവെന്ന യാഥാർത്ഥ്യം വെളിപ്പെടുത്തുകയായി രുന്നു ഖാജ(റ).

ബാഹ്യ പണ്ഡിതരുടെ എതിർപ്പ് ഔലിയാക്കൾക്കെ തിരെ എക്കാലത്തും ഉണ്ടായിട്ടുണ്ട്. ഖാജാ(റ)ക്കും അതുണ്ടാ യി. അത് അല്ലാഹുവിന്റെ പരീക്ഷണമാണ്. പൊതുജനങ്ങളെ വിശുദ്ധ ദീനിന്റെ സൽപാന്ഥാവിൽനിന്ന് അകറ്റുക എന്ന

ഇബിലീസിന്റെ ഗൂഢ തന്ത്രങ്ങളുടെ രൂപങ്ങളായി പ്രത്യക്ഷപ്പെടുകയായിരുന്നു ബാഹ്യ പണ്ഡിതന്മാർ. അത് എക്കാലത്തും തുടർന്നു വരുന്ന ഒരു ചര്യയാണ്. ഔലിയാക്കൾക്കുള്ള പരീക്ഷണമാണ്. തസവുഫും ത്വരീഖത്തും അറിയാത്തവർ അതിനെ എതിർത്തില്ലെങ്കിലെ അത്ഭുതപ്പെടാനുള്ളൂ.

ഖാജ(റ) സംഗീതത്തിന്റെ പേരിൽ ബാഹ്യപണ്ഡിതരാൽ എതിർക്കപ്പെട്ടു. അതേസമയം മഹാനായ ഖാളി ഹമീദുദ്ദീൻ നാഗൂരി(റ) ഒരു സംഗീത സദസ്സ് സംഘടിപ്പിച്ചു. അന്നത്തെ പ്രമുഖ പണ്ഡിതനായിരുന്ന മുല്ല ഇമാദുദ്ദീൻ, മുല്ലാ ജമാലുദ്ദീൻ എന്നിവർ ഹമീദുദ്ദീൻ നാഗൂരി(റ)ന്റെ സമീപത്ത് വന്ന് ചോദിച്ചു. സംഗീതത്തിന്റെ വിധി എന്താണ്? നാഗൂരി (റ) പറഞ്ഞു: സൂഫികൾക്ക് ഹലാലാണ്. വെറും കിത്താബുകളുമായി നടക്കുന്നവർക്ക് നിഷിദ്ധവും.

സംഗീതത്തിലൂടെ ഇശ്ഖിന്റെ ലോകത്തേക്ക് യാത്രയായിരുന്ന ചിശ്തി(റ)വിനെ നാം കാണുന്നു. ബഗ്ദാദിൽ വെച്ച് മഹാനായ ഗൗസുൽ അഅ്ളം ഖാജ(റ)വിനെ സ്വീകരിക്കാനായി ഒരു സമാഇന്റെ വേദിയൊരുക്കുന്നുണ്ട്. സംഗീതത്തിന്റെ സദസ്സ്. ഗൗസുൽ അഅ്ളം ഒരിടത്തിരിക്കുന്നു. ചിശ്തി(റ) അതിൽ മുഴുകിയിരിക്കുകയാണ്. സംഗീതാസ്വാധനത്തിൽ ലയിച്ചിരിക്കുയാണ് മഹാനവർകൾ. അതിനിടയിൽ ശൈഖ് ജീലാനി(റ) തന്റെ വടിയെടുത്ത് നിലത്ത് ശക്തമായി കുത്തിപ്പിടിച്ചു. അവിടുത്തെ മുഖം ചുവന്നിരിക്കുന്നു. വിവർണവദന

നായി ഇരിക്കുകയാണ്. സമയം കടന്നുപോയി. ഖാജ(റ) സംഗീത ലോകത്ത് നിന്നും പതിയെ മുക്തനാകുന്നു. ഖാജ(റ)വിന്റെ മുഖഭാവത്തിന് മാറ്റം വന്നപ്പോൾ ശൈഖ് ജീലാനി(റ) പറഞ്ഞു: മുഈനുദ്ദീൻ സ്നേഹത്തിന്റെ ലോകത്തായിരുന്നു. ഞാൻ ഈ വടികൊണ്ട് ഭൂമി പിടിച്ചു നിർത്തിയില്ലായിരുന്നുവെങ്കിൽ ലോകം തകിടം മറിയുമായിരുന്നു. അത്രയും ശക്തിയായിരുന്നു അവിടുത്തെ ഇശ്ഖിന്.

സംഗീതത്തിലൂടെയും പ്രപഞ്ചനാഥന്റെ സാമീപ്യമറിഞ്ഞ മഹാത്മാവ് സദാസമയവും പ്രപഞ്ചനാഥന്റെ സ്മരണയിലായിരുന്നു. ചുണ്ടുകളിൽ എപ്പോഴും പുഞ്ചിരി, ശത്രുവിനോടുപോലും പുഞ്ചിരിയോടെ പെരുമാറി. പക്ഷേ തന്റെ മുരീദുമാരെ ആരെങ്കിലും വേദനിപ്പിച്ചാൽ ആ മുഖം കോപത്താൽ ചുവന്ന് തുടുക്കുമായിരുന്നു. മുരീദുമാർക്ക് രക്ഷാമാർഗം തീർക്കുന്നതിലായിരുന്നു അദ്ദേഹത്തിന്റെ ശ്രദ്ധ.

ഒരിക്കൽ കഅ്ബ ത്വവാഫ് ചെയ്യുകയായിരുന്ന മഹാനുഭാവൻ ഒരശരീരി കേട്ടു. ‘‘പ്രാർത്ഥിക്കുക ഞാൻ സ്വീകരിക്കും’’ ഖാജ(റ) തന്റെ മുരീദുമാർക്ക് അന്ത്യനാൾ വരെ പാപമോചനത്തിനും റഹ്മത്തിനും വേണ്ടി പ്രാർത്ഥിച്ചു. ‘‘അല്ലാഹുവേ എന്റെ മുരീദുമാരോടു കൂടി അല്ലാതെ എന്നെ സ്വർഗത്തിൽ പ്രവേശിപ്പിക്കരുതേ’’.

വിശുദ്ധമായ ഈ മാർഗ്ഗത്തിൽ ലക്ഷകണക്കിനു മുരീദുമാർ ഉണ്ടായിരുന്നു മഹാനുഭാവന്. ആയിരക്കണക്കിനു ഖലീ

ഫമാരുണ്ടായിരുന്ന മഹാനുഭാവൻ സർവ്വജനങ്ങൾക്കും വിശുദ്ധ കലിമ കൈമാറ്റം ചെയ്യുകയായിരുന്നു. മഹാനവർകളുടെ മുരീദായാരുന്ന ഖുത്ബുദ്ദീൻ ബക്തിയാർ കഅ്കി(റ) ദില്ലിയിലെ തന്റെ ഖലീഫയായിരുന്നു. പ്രബോധന പ്രവർത്തനങ്ങളിൽ അവർ സജീവമായിരുന്നു. ഖാജ(റ)വിന്റെ എതിരാളികൾ മഹാനുഭാവനെ സദാബുദ്ധിമുട്ടിച്ചുകൊണ്ടിരുന്നു. എതിരാളികളിൽ ആ കാലഘട്ടത്തിലെ പണ്ഡിതന്മാരും ഉണ്ടായിരുന്നു. ബക്തിയാർ കഅ്കി(റ) സർവ്വ സംഭവങ്ങളും കത്തുകളായി ശൈഖ് അവർകൾക്ക് അയച്ചു കൊടുത്തു. ഖാജ(റ) മറുപടി നൽകി: മോനെ ഇത്തരം പരീക്ഷണങ്ങൾ ഈമാനിന്റെ വാഹകർക്ക് കണക്കാക്കപ്പെട്ടതാണ്. ഇന്നലെകളിൽ നാമത് കണ്ടു. വരും നാളുകളിലും അതുതന്നെയാണ് കാണാൻ സാധിക്കുക. അല്ലാഹു നീതി നടപ്പാക്കുക തന്നെ ചെയ്യും. ഖാജയുടെ വാക്കുകൾ അക്ഷരം പ്രതി സംഭവിക്കുക തന്നെ ചെയ്തു.

വർത്തമാന കാലത്തിൽ നാം ദർശിക്കുന്നത് ഇതേ അവസ്ഥയാണ്. അല്ലാഹുവിന്റെ ഔലിയാക്കൾക്കെതിരെ പട നയിക്കുന്ന ബാഹ്യപണ്ഡിതർ ഔലിയാക്കളിൽ നിന്നും പൊതുജനങ്ങളെ അകറ്റുന്ന ഒരു വിഭാഗം ആന്തരിക ജ്ഞാനം ഇല്ലാത്ത പണ്ഡിതർ. അവർക്ക് തസവുഫെന്തെന്നറിയില്ല. ത്വരീഖത്തെന്തെന്നു പരിജയമില്ല. അവർ കിത്താബുകളിൽ മാത്രം ശ്രദ്ധ കൽപ്പിക്കുന്നു. പക്ഷേ ഖാജയുടെ വാക്കുകൾ യാഥാർത്ഥ്യമാ

കുന്നു. 'അല്ലാഹു നീതി നടപ്പാക്കുക തന്നെ ചെയ്യും. സത്യത്തിന്റെ സന്ദേശവാഹകർ അവർ ദൗത്യം പൂർത്തീകരിക്കുക തന്നെ ചെയ്യും'. അവർ ജനങ്ങളെ സംസ്കരിക്കുന്നു. വിശുദ്ധ കലിമ കൈമാറ്റം ചെയ്യുന്നു. പരിപൂർണ്ണ കലിമയിൽ ബൈഅത്ത് നൽകുന്നു. ജനങ്ങളെ അല്ലാഹുവിലേക്കും പ്രവാചകരിലേക്കും നയിക്കുന്നു. അവർ അന്തിമ വിജയം കൈവരിക്കുന്നു.

ഖാജ(റ) ഇന്ത്യയിൽ വന്ന് വിശുദ്ധ റസൂലിന്റെ നിർദ്ദേശപ്രകാരം വിവാഹിതരാകുകയാണ്. പ്രവാചകരുടെ ''എന്റെ സുന്നത്തിന് ജീവൻ നൽകുക'' എന്ന സന്ദേശം ഉൾക്കൊണ്ട് മുസ്ലീം ഭരണാധികാരിയായ ഖിതാബ് ഖാജക്ക് സേവകിയായി നൽകിയ സ്ത്രീയെ അവർ വിവാഹം കഴിച്ചു. ബീവി അമത്തുല്ല(റ)യും ഇസ്ലാമിക പ്രബോധനത്തിൽ സുപ്രധാന പങ്കുവഹിച്ചു. സ്ത്രീകൾക്കിടയിൽ ഇസ്ലാമിനെ പ്രചരിപ്പിച്ചു. നിരവധി സ്ത്രീകൾ മഹതി വഴി ഇസ്ലാം പുൽകി. തുടർന്ന് അജ്മീറിലെ ഭരണാധികാരി വജീഹുദ്ദീൻ(റ)വിന്റെ മകൾ ബീവി അസ്മ(റ)യെ തിരുറസൂലിന്റെ നിർദ്ദേശപ്രകാരം കല്ല്യാണം കഴിച്ചു. ഈ ബന്ധത്തിൽ മൂന്ന് ആൺകുട്ടികൾ ഉണ്ടായി. ഖാജ ഫഖ്റുദ്ദീൻ(റ), ഖാജ ളിയാഉദ്ദീൻ(റ), ഖാജാ ഹുസാമുദ്ദീൻ(റ).

ഹിജ്റ 633 റജബ് 6 ന്റെ പകൽ അസ്തമിച്ചു. രാത്രി മഗ്രിബും ഇശാഉം നമസ്കരിച്ചു ഖാജ(റ) തന്റെ റൂമിലേക്ക്

പ്രവേശിച്ചു. രാത്രി മുഴുവൻ പതിവിനു വിപരീതമായി ഉച്ച ത്തിൽ ദിക്റ് ചൊല്ലുന്നത് മുരീദുമാർ കേട്ടു. അത്താഴ സമയ മായപ്പോൾ ശബ്ദം നിലച്ചു.

പള്ളിയിൽ നിന്നും സുബ്ഹ് ബാങ്ക് ഉയരുന്നു. സാധാ രണ നമസ്കാരത്തിന് മഹാനുഭാവൻ മജ്ലിസിൽ നിന്ന് പുറത്തു വരാറുണ്ടായിരുന്നു. അന്നവർ പുറത്തുവന്നില്ല. രാത്രി യിലെ ഇബാദത്ത് കാരണം ഉറക്ക് അതിജയിച്ചതാണെന്ന് മുരീ ദുമാർ കരുതി. വാതിലിൽ മുട്ടാൻ ഭയം...... സമയം കടന്നു പോയി അവർ കൂടിയിരുന്നു ചർച്ച ചെയ്തു. വാതിൽ തുറ ക്കാൻ തീരുമാനമായി. മുരീദുമാർ വാതിൽ തുറന്നു. ഖാജ(റ) തന്റെ കട്ടിലിൽ കിടക്കുന്നു. മുഖം ഖിബ്ലയുടെ ഭാഗത്തേക്ക്. മുഖത്ത് മായാത്ത പുഞ്ചിരി. ആ ശ്വാസം നിലച്ചിരിക്കുന്നു. അവിടുന്ന് അല്ലാഹുവിന്റെ സന്നിധിയിലേക്ക്......

ഖാജ(റ)വിന്റെ വിയോഗ വാർത്തയറിഞ്ഞ് ജനം ഒഴുകി യെത്തി. ഖാജ(റ)വിനെ അവസാനമായി ഒന്നു കാണാൻ അവർ ആ പ്രകാശം നേരിൽ കണ്ടു. അവിടത്തെ നെറ്റിത്തട ത്തിൽ എഴുതപ്പെട്ടിരിക്കുന്നു. ''അല്ലാഹുവിന്റെ സ്നേഹിതൻ അവനോടുള്ള സ്നേഹത്തിൽ വിടപറഞ്ഞിരിക്കുന്നു''.

ഖാജ(റ)വിന്റെ വഫാത്തിനുശേഷവും ജനം ആ സന്നി ധിയിലേക്ക് ഒഴുകിയെത്തുന്നു. മരണശേഷവും ഇന്ത്യഭരി ക്കുന്ന ഖാജയുടെ സാന്നിധ്യം തേടി. പ്രതിസന്ധികൾക്ക് പരി ഹാരം തേടി സർവ്വ ജനങ്ങളും അജ്മീറിലേക്ക്. അവിടെ പ്രവാ

ചകരുടെ ഒരു അനന്തരവകാശി വിശ്രമിക്കുന്നു. വിശ്രമമല്ല നിരന്തരമായ പ്രവർത്തനമാണ്. മന്ത്രിയും തന്ത്രിയും സൂഫിയുമെല്ലാം അവിടെ വന്നുചേർന്നു.

ഇന്ത്യൻ വൈസ്രോയി ആയിരുന്ന ലോർഡ് കാഴ്സൺ ബ്രിട്ടീഷ് ഭരണകൂടത്തിന് സമർപ്പിച്ച റിപ്പോർട്ടിൽ രേഖപ്പെടുത്തി: ‘‘800 വർഷത്തോളമായി ഇവിടെ ഒരു കബർ ഭരണം നടത്തിക്കൊണ്ടിരിക്കുന്നു’’ ഇന്ത്യയുടെ സുൽത്താൻ ഖാജ(റ)വിനെ കുറിച്ചായിരുന്നു ആ വാക്കുകൾ. അവർ ഇന്ത്യ ഭരിച്ചു. ഇന്നും ഭരിച്ചുകൊണ്ടിരിക്കുന്നു. അവിടെ വന്നണയുന്നവർക്ക് അല്ലാഹുവിലേക്കുള്ള വഴികൾ പറഞ്ഞുകൊടുക്കുന്നു. വഴികാട്ടികളെ അന്വേഷിക്കുന്നവർ ചിശ്തി(റ)വിന്റെ ദർബാറിൽ ചെന്നു തേടുക. സത്യാന്വേഷികൾ ലക്ഷ്യത്തിലെത്തും.

അവിടുത്തെ മജ്‌ലീസുകൾ വിജ്ഞാനം കൊണ്ട് നിറഞ്ഞിരുന്നു. ചിശ്തി(റ)വിന്റെ ഖലീഫ ബക്തിയാർ കഅ്കി(റ) അതെല്ലാം രേഖപ്പെടുത്തി. ദലീലുൽ ആരിഫീൻ എന്ന പേരിൽ ക്രോഡീകരിച്ചു. അതിൽ വിശദീകരിക്കുന്നുണ്ട്: ശൈഖിന്റെ മുഖത്തേക്കു നോക്കൽ ഇബാദത്താണ്. ഞാനെന്റെ ശൈഖ് ഉസ്മാൻ ഹാറൂനി(റ) പറയുന്നത് കേട്ടിട്ടുണ്ട്, ശൈഖിന് ഒരു ദിവസം ഖിദ്മത്ത് ചെയ്തവന് സ്വർഗത്തിൽ ഉന്നത സ്ഥാനം ലഭിക്കും. ശൈഖിന്റെ വാക്കുകൾ അനുസരിക്കുക. ഖിദ്മത്ത് ചെയ്യുക. തുടർച്ചയായി ഖിദ്മത്ത് ചെയ്യാൻ സാധിച്ചില്ലെങ്കിൽ അവരുടെ വാക്കുകൾ പൂർത്തീകരിക്കാൻ പ്രയത്നിക്കുക.

ആ വഴി സ്വീകരിച്ചവർക്ക് ചിശ്തി(റ)വിന്റെ ഉപദേശമാണിത്. ആ വഴി എതിർക്കുകയും അതിൽ നിന്ന് പിന്തിരിയുകയും ചെയ്യുന്നവർക്ക് ശൈഖുമാരെ കുറിച്ച് ചിന്തിക്കാനുള്ള ഉണർത്തലാണിത്. വഴിയറിയാതെ സഞ്ചരിക്കുന്നവർക്ക് വഴികാട്ടിയായി ഇന്നും ചിശ്തി(റ) നിലകൊള്ളുന്നു. ആ സ്മരണകൾ അയവിറക്കുമ്പോൾ തന്റെ യഥാർത്ഥ സന്ദേശം എന്താണെന്ന് ബുദ്ധിജീവികളും എഴുത്തുകാരും പണ്ഡിതരും സയ്യിദന്മാരുമൊക്കെ തിരിച്ചറിയേണ്ടിയിരിക്കുന്നു. സയ്യിദ് കുടുംബത്തിൽ പിറന്നിട്ടും സയ്യിദല്ലാത്ത ഉസ്മാൻ ഹാറൂനി(റ) എന്ന ശൈഖിന് ബൈഅത്ത് ചെയ്ത് ആത്മീയോന്നതിക്ക് ഒരു ശൈഖ് അനുവാര്യമാണെന്ന വസ്തുത ഉദ്ഘോഷിച്ച ആ മഹാത്മാവിനെ നാം മറക്കാതിരിക്കുക. ആ വഴി അനുധാവനം ചെയ്യുക.

# മമ്പുറം സയ്യിദലവി തങ്ങൾ(റ)

കേരള മുസ്‌ലീംകൾക്ക് വിസ്മരിക്കാനാവാത്ത നാമം, ഖുത്ബുസ്സമാൻ സയ്യിദലവി തങ്ങൾ. ഹിജ്റ 1166 ൽ യമനിലെ തരീമിൽ ജന്മം കൊണ്ടു. ശൈഖ് മുഹമ്മദ്ബ്നു സഹ്ൽ(റ)വിന്റെയും ഫാത്തിമയുടെയും മകനായി ജനിച്ചു. ഇമാം ഹുസൈൻ(റ)വിന്റെ 30-ാം പേരക്കുട്ടി. ആത്മീയ പുരുഷന്മാരാൽ നിർഭരമായ കുടുംബം.

ചെറുപ്രായത്തിൽ തന്നെ മാതാപിതാക്കൾ വിട്ടുപിരിഞ്ഞു. അവർ പ്രപഞ്ചനാഥന്റെ വിളിക്കുത്തരം നൽകി. തുടർന്ന് മാതൃസഹോദരിയുടെ ശിക്ഷണത്തിൽ ജീവിതം. പഠനത്തിൽ മിടുക്കനായകുട്ടി. എട്ടാം വയസ്സിൽ വിശുദ്ധ ഖുർ ആൻ മനപ്പാടമാക്കി.

അറബി ഭാഷയിൽ നൈപുണ്യം നേടി. ഇസ്ലാമിക വിജ്ഞാന ങ്ങളിൽ പാണ്ഡിത്യം നേടി.

ഹിജ്റ 1183ൽ തന്റെ 17-ാം വയസ്സിൽ മഹാനുഭാവൻ ശഹർ മുഖല്ലയിൽ നിന്ന് കപ്പൽ കയറി. കേരളം ലക്ഷ്യമാക്കി കപ്പൽ മുന്നോട്ട്. റമളാൻ 19 ന് കപ്പൽ കോഴിക്കോട് കടപ്പുറത്ത് നങ്കൂരമിട്ടു. മമ്പുറം തങ്ങൾ കോഴിക്കോട് കപ്പലിറങ്ങി. ശേഷം മമ്പുറത്തേക്ക് കുടിയേറി. മഹാനുഭാവന്റെ സ്വഭാവശുദ്ധിയിൽ ആകൃഷ്ടനായ യമനി പണ്ഡിതൻ ഹസൻ ജിഫ്രി തന്റെ മകൾക്ക് വിവാഹഭ്യർത്ഥന നടത്തി.

റബീഉൽ അവ്വൽ മാസം ഹസൻ ജിഫ്രിയുടെ മകൾ ഫാത്വിമയുമായി മഹാനുഭാവന്റെ വിവാഹം നടന്നു. അൽപ കാലം വധുഗൃഹത്തിൽ താമസിച്ചു. ശേഷം മമ്പുറത്തുള്ള തന്റെ മാളിയേക്കൽ തറവാട്ടിലേക്കു നീങ്ങി. ഈ ബന്ധത്തിൽ മഹാനു ഭാവന് രണ്ട് പെൺമക്കളുണ്ടായിരുന്നു. ഫാത്വിമയുടെ വഫാ ത്തിനു ശേഷം സയ്യിദ് അബൂബക്കർ മദനിയുടെ മകൾ ഫാത്വി മയെ തങ്ങൾ വിവാഹം കഴിച്ചു. ഈ ബന്ധത്തിലൂടെ തന്റെ യഥാർത്ഥ പിൻഗാമിയെ കണ്ടെത്തുകയായിരുന്നു മമ്പുറം തങ്ങൾ. ഈ ദാമ്പത്യബന്ധത്തിൽ ചരിത്രത്തിൽ ഇടം നേടിയ മകൻ ഫസൽ പൂക്കോയതങ്ങൾ ജന്മം കൊണ്ടു.

മമ്പുറത്തു സ്ഥിരതാമസമാക്കിയ മമ്പുറം തങ്ങൾ തന്റെ സമൂഹത്തിന് ആത്മീയവും ഭൗതികവുമായ നേതൃത്വം നൽകി. ദുഷ് പ്രവൃത്തികളിൽ മുഴുകി വിശുദ്ധ ദീൻ വിസ്മരിച്ച വിഭാഗ ത്തിന് വിശുദ്ധ കലിമ കൈമാറി. കലിമതുത്വയ്യിബയിലൂടെ സമൂ

ഹത്തെ സംസ്കരിച്ചു. അവർക്ക് പ്രപഞ്ച നാഥനിലേക്കുള്ള വഴി തെളിയിച്ചു. മനസ്സിന്റെ ദുഷ്ചിന്തകൾ മാറ്റിക്കൊടുത്തു. സമൂഹം അവർക്ക് പൂർണ്ണമായി വഴങ്ങി. മമ്പുറം തങ്ങൾ അവർക്ക് യഥാർത്ഥ ദിശാബോധം നൽകി.

ദീനിന്റെയും നാടിന്റെയും ശത്രുക്കളായി വന്ന ബ്രിട്ടീഷു കാർക്കെതിരെയും ശക്തമായ പോരാട്ടം നടത്തി. ബ്രിട്ടീഷ് വിരുദ്ധ സമരങ്ങൾക്ക് നേതൃത്വം നൽകി. മമ്പുറം തങ്ങൾ ബ്രിട്ടീ ഷുകാരുടെ പേടിസ്വപ്നമായി മാറി. തങ്ങൾ ജനങ്ങൾക്ക് ആത്മീയ നേട്ടം നൽകി. ആത്മീയതയിലൂന്നിയ ജീവിതം നയിച്ചു. കാലഘട്ടത്തിന്റെ ഖുത്ബായി മാറി. പണ്ഡിതർക്കും പാമരർക്കും കലിമ കൈമാറി. ബൈഅത്തിന്റെ കവാടങ്ങൾ തുറന്നു കൊടു ത്തു. ഈമാനിക മാധുര്യം പകർന്നുകൊടുത്തു.

ജനലക്ഷങ്ങൾ അവിടുത്തെ കരം ഗ്രഹിച്ച് കലിമ സ്വീകരി ച്ചു. സത്യവിശ്വാസികളായി. പണ്ഡിതരും സാധാരണക്കാരും അവ രുടെ മുരീദുമാരായി. വെളിയംകോട് ഉമർഖാളി, അവുക്കോയ മുസ്‌ലിയാർ, പയ്യനാട് ബൈത്താൻ മുസ്‌ലിയാർ. ബ്രിട്ടീഷ് വിരുദ്ധ സമരത്തിന് നേതൃത്വം നൽകി വീരരക്തസാക്ഷികളായ അത്തൻ കുരിക്കൾ, ചെമ്പൻ പോക്കർ, പുലത്ത് ചേക്കു മൂപ്പൻ, എളംപുലാശ്ശേരി ഉണ്ണിമൂസ, നാലകത്ത് ഹൈദ്രോസ് തുടങ്ങിയ വർ മമ്പുറം തങ്ങളുടെ മുരീദുമാരിൽ പ്രമുഖരായിരുന്നു.

ആത്മീയ ഗുരുവര്യന്റെ സാമിപ്യത്തിലൂടെയല്ലാതെ വിജ യംവരിക്കൽ അസാധ്യമാണെന്ന തിരിച്ചറിവായിരുന്നു ഉമർ ഖാസി (റ)വിനെയും മറ്റു പ്രമുഖരെയും മമ്പുറം തങ്ങളിലേക്കടു

പ്പിച്ചത്. ഈ യാഥാർത്യം തങ്ങൾ ജനങ്ങളെ ബോധ്യപ്പെടുത്തി. യാഥാർത്ഥ്യം തിരിച്ചറിഞ്ഞവർ അവിടത്തെ സമീപം ചെന്നണഞ്ഞു. എതിർപ്പു പ്രകടിപ്പിച്ചവർ സർവ്വനാശമടഞ്ഞു.

ബാഹ്യപണ്ഡിതർ മമ്പുറം തങ്ങളെയും വെറുതെവിട്ടില്ല. അവർ തങ്ങളെ ആക്ഷേപിച്ചു. ആരോപണങ്ങൾ ഉന്നയിച്ചു. പള്ളിയിൽ പോകാത്തവനെന്നു പ്രചരിപ്പിച്ചു. ജനങ്ങളെ ആത്മീയതയിൽ നിന്നും അകറ്റി നിർത്തി. ഔലിയാക്കളുടെ പതിവുചര്യ മമ്പുറം തങ്ങളുടെ ജീവിതത്തിലും പ്രതിഫലിച്ചു. കപട പണ്ഡിതന്മാർ പ്രബോധന മാർഗ്ഗത്തിൽ വിഗ്നം സൃഷ്ടിച്ചു. തങ്ങൾ സർവ്വം സൃഷ്ടാവിലേൽപ്പിച്ചു. തന്റെ ദൗത്യം പൂർത്തീകരിച്ചു പ്രപഞ്ചനാഥന്റെ സവിധത്തിലേക്ക്.

ഹിജ്റ 1259 മമ്പുറം തങ്ങൾ രോഗശയ്യയിലായി. തിരുപാദത്തിലേറ്റ മുറിവായിരുന്നു രോഗകാരണം ഡോക്ടർമാർ പലരും വന്നു വൈദ്യചികിത്സ നടത്തി, പക്ഷേ സർവ്വ ശുശ്രൂഷകളും അസ്ഥാനത്തായി. ഹിജ്റ 1260 (എഡി 1845) മുഹറം 7ന് മഹാനുഭാവൻ പ്രപഞ്ചനാഥന്റെ സവിധമണഞ്ഞു.